# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 80**
**2015 February**


**സമർപ്പിത വർഷം**

80 Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വൊക്കേഷൻ കമ്മീഷൻ
- കെ. സി. ഡബ്ല്യു. എ.
- കെ.സി.വൈ.എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ


## വാർഷിക വരിസംഖ്യ


75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No: 160
**Renewal of Parish Council & Pastoral Council**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 9 -01 - 2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

ദൈവജനത്തിന്റെ സജീവ പങ്കാളിത്തം നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകുവാൻ സഹായിക്കുന്ന സഭാസംവിധാനങ്ങളാണ് അതിരൂപതാതലത്തിൽ പാസ്റ്ററൽ കൗൺസിലും ഇടവകതലത്തിൽ പാരിഷ് കൗൺസിലും. ദൈവജനമാണ് സഭയെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം പൂർണ്ണമായ അർത്ഥത്തിൽ ഈ സമിതികളിലൂടെ നമ്മുടെ അതിരൂപതയിൽ പ്രകാശിതമാകുന്നതിൽ ദൈവത്തിന് നന്ദി പറയാം.

നമ്മുടെ അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ഈ സമിതികളുടെ സേവന കാലാവധി മൂന്നു വർഷമാണല്ലോ. ദൈവാനുഗ്രഹപ്രദമാംവിധം മൂന്നു വർഷത്തെ തങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്ന പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ അംഗങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നതിനോടൊപ്പം അവർ നൽകിയ ധന്യമായ സേവനങ്ങൾക്ക് ദൈവം അവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇടവകസമൂഹത്തിന്റെ എല്ലാ പ്രവർത്തന മേഖലകളിലും ദൈവജനത്തിന്റെ സജീവമായ പങ്കുചേരൽ ഉറപ്പാക്കുന്നതിൽ പാരിഷ് കൗൺസിലിനുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സഭയുടെ പള്ളിയോഗ നടപടിക്രമത്തിൽ പറയുന്നതുപോലെ ഇടവക സമൂഹത്തിന്റെ മുഴുവൻ പ്രാതിനിധ്യ സ്വഭാവം പാരിഷ് കൗൺസിലിനുണ്ട്. ആകയാൽ ഇടവകയിൽ പ്രവർത്തിക്കുന്ന കൂടാരയോഗങ്ങളുടെ ഓരോ വാർഡിൽനിന്നും ഒരാളെ പാരിഷ് കൗൺസിൽ അംഗമായി തെരഞ്ഞെടുക്കേണ്ടതാണ്. അംഗങ്ങളുടെ തെരഞ്ഞെടുപ്പിൽ പള്ളിയോഗ നടപടിക്രമങ്ങളിൽ നിർദ്ദേശിച്ചിരി

ക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ബഹുമാനപ്പെട്ട വികാരിമാർ ഉറപ്പുവരുത്തേണ്ടതാണ് (കോട്ടയം അതിരൂപതാ നിയമസംഗ്രഹം പേജ് 110 - 113 ൽ പ്രതിനിധിയോഗം Nos. 9-12).

സഭയിലും സമൂഹത്തിലും സ്ത്രീകൾക്കുള്ള പ്രാധാന്യത്തെ ആദരവോടെ കാണുന്ന സഭ സ്ത്രീകൾക്ക് സഭാസംവിധാനങ്ങളിൽ പുരുഷന്മാർക്കൊപ്പം സ്ഥാനം നൽകണമെന്ന് ആഗ്രഹിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പാരിഷ് കൗൺസിൽ അംഗങ്ങളിൽ 33% എങ്കിലും സ്ത്രീകൾ ആയിരിക്കുവാൻ ബഹുമാനപ്പെട്ട വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം.

പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെയും ഇടവകയിലെ വിവിധ പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്നവരെയും ഉൾപ്പെടുത്തിയ ലിസ്റ്റ് 2015 മെയ് 15ന് മുമ്പായി കൂരിയായിൽ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് ബഹു. വികാരിമാരെ അറിയിക്കുന്നു. ഇപ്രകാരം അതിരൂപതാധ്യക്ഷനാൽ നിയമിക്കപ്പെടുന്ന പാരിഷ്കൗൺസിൽ അംഗങ്ങൾ ദൈവജനത്തിന്റെ സ്പന്ദനങ്ങൾ അറിഞ്ഞ് പ്രവർത്തിക്കുവാൻ കടപ്പെട്ടവരാണ്.

അതിരൂപതയിലെ വിവിധ അജപാലനകമ്മീഷനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പാരിഷ് കൗൺസിൽ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം. ഈ പ്രവർത്തനങ്ങളുടെ ഫലങ്ങൾ ഇടവകതലത്തിൽ വേണ്ട വിധം ലഭ്യമാകുന്നുവെന്നുറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഓരോ ഇടവകയിലും ഓരോ പാരിഷ് കൗൺസിൽ അംഗത്തിന് ഓരോ കമ്മീഷന്റെ ചുമതല നൽകണമെന്ന് 2010 ഒക്ടോബർ 14-ാം തീയതി ഞാൻ നൽകിയ 90-ാം നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പാരിഷ് കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനു മുമ്പായി കൂടാരയോഗങ്ങളിൽ ബഹു. വികാരിമാർ വായിച്ച് വിശദീകരിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

അതിരൂപതാധ്യക്ഷന് തന്റെ സേവനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായി നിർവ്വഹിക്കുവാൻ അതിരൂപതാംഗങ്ങളുടെ വ്യക്തിപരവും സംഘാതപരവുമായ സഹകരണം ആവശ്യമാണ്. ഇതിനായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളും സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി അതിരൂപതയിലെ

വൈദികർ സന്യാസിനി സന്യാസികൾ, അൽമായർ എന്നിവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ചിരിക്കുന്ന ഒരു സ്ഥിരം സമിതിയാണ് നമ്മുടെ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ. അതിരൂപതയിലെ അജപാലന പ്രവർത്തനം സംബന്ധിച്ച കാര്യങ്ങളെപ്പറ്റി പഠിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗിക നിഗമനങ്ങൾ സമർപ്പിക്കുന്നതിനുമുള്ള ആലോചനാസമിതിയാണ് (Consultative Body) പാസ്റ്ററൽ കൗൺസിൽ (CCEO nn. 272 - 275).

ദൈവജനത്തിന്റെ മുഴുവൻ ആശയങ്ങളും ആഗ്രഹങ്ങളും അതിരൂപതാതലത്തിൽ അറിയുന്നതിനും ചർച്ച ചെയ്യുന്നതിനും അതിന്റെ വെളിച്ചത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ അതിരൂപതാധ്യക്ഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള സമിതിയായ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അതിരൂപതയ്ക്ക് മുഴുവനും വേണ്ടിയുള്ള ശുശ്രൂഷയ്ക്കായി തങ്ങളുടെ സമയവും അദ്ധ്വാനവും കഴിവും മാറ്റിവയ്ക്കുവാൻ സന്മനസ്സുള്ളവരുമായിരിക്കണം.

പാസ്റ്ററൽ കൗൺസിലിലേയ്ക്ക് ഓരോ ഫൊറോനയിൽ നിന്നും രണ്ട് പുരുഷന്മാരെയും രണ്ട് സ്ത്രീകളെയുമാണ് തെരഞ്ഞെടുക്കേണ്ടത്. അതിനായി ഓരോ ഇടവകയിൽ നിന്നും ഇരുപതോ അതിൽ താഴെയോ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും രണ്ടു പേരെയും ഇരുപതിൽ കൂടുതൽ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും മൂന്ന് പേരെയും തെരഞ്ഞെടുക്കണം. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതിനിധികളിൽ ഒരു വനിത എങ്കിലും ഉണ്ടായിരിക്കണം. ഇടവകയിൽ നിന്നും മേൽപ്രസ്താവിച്ച അനുപാതത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ജൂൺ 20 ന് മുമ്പായി ബഹു. ഫൊറോന വികാരി വിളിച്ചുചേർത്ത് അതിൽ നിന്ന് രണ്ട് പുരുഷന്മാരെയും രണ്ട് സ്ത്രീകളേയും പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനപ്രതിനിധികളായി തെരഞ്ഞെടുത്ത് അവരുടെ പേരുവിവരങ്ങൾ ജൂൺ 25ന് മുമ്പായി കൂരിയായിൽ കിട്ടത്തക്ക വിധത്തിൽ ഫൊറോനാവികാരി അയച്ചുതരികയും വേണം. പുതിയതായി രൂപം കൊള്ളുന്ന പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമസമ്മേളനം ജൂലായ് 11-ാം തീയതി ശനിയാഴ്ച 10.30ന് ചൈതന്യാ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിക്കുന്നതിനും സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നതിനും തങ്ങളുടെ അഭിപ്രായങ്ങൾ പക്വതയോടെയും, വിവേകത്തോടെയും പ്രകടിപ്പിക്കുന്നതിന് കഴിവും സന്നദ്ധതയും ഉള്ള നേതാക്കളെ തെരഞ്ഞെടുക്കുന്നതിൽ ഏവരും ശ്രദ്ധിക്കേണ്ടതാണ്. വിഭാഗീയ ചിന്തകൾക്കോ കക്ഷിതാൽപര്യങ്ങൾക്കോ അവസരം നൽകാതെ പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടത്. കത്തോലിക്കാ സഭയുടെ വിശ്വാസവും ധാർമ്മിക പ്രബോധനങ്ങളും പാലിക്കുന്നവരും പഠിപ്പിക്കുന്നവരുമായിരിക്കണം ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വര പ്രത്യയശാസ്ത്രങ്ങൾ വച്ചുപുലർത്തുന്നവരും, അവയോട് ബന്ധം പുലർത്തുന്നവരും, വിശ്വാസവിരുദ്ധ ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവരും, മദ്യാസക്തിക്ക് അടിമപ്പെട്ടിരിക്കുന്നവരും ഈ ആലോചന സമിതികളിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ജാഗ്രതയും വിവേകവും പുലർത്തേണ്ടതാണ്.

ദൈവജനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായി തങ്ങളെതന്നെ സമർപ്പിക്കുവാൻ സന്നദ്ധതയും ത്യാഗമനോഭാവവുമുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിലൂടെ ഈ സമിതികളുടെ പ്രവർത്തനം ഏറ്റം ഫലദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2015 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

2010 ഒക്ടോബർ 14ലെ 90-ാം നമ്പർ സർക്കുലറിന്റെ കോപ്പി ഇതോടൊപ്പം റഫറൻസിനായി അയക്കുന്നു.

Circular No: 162
**Inauguration of Malabar Kudiyetta Platinum Jubilee**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 20 -01 - 2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

1943 ഫെബ്രുവരി 2 ന് രാജപുരത്തേക്ക് ക്നാനായ സമുദായം നടത്തിയ മലബാർ കുടിയേറ്റത്തിന്റെ 3 വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് 2015 ഫെബ്രുവരി മാസത്തിൽ നാം തുടക്കം കുറിക്കുകയാണ്. ഭാരതം സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു മുൻപുതന്നെ ക്നാനായ സമൂഹം നടത്തിയ ഈ സംഘടിത കുടിയേറ്റമാണ് പിന്നീട് മലബാറിലേക്കും മറ്റു പ്രദേശങ്ങളിലേക്കുമുണ്ടായ വിവിധ സംഘടിത കുടിയേറ്റങ്ങൾക്ക് തുടക്കം കുറിച്ചത് എന്നത് നാം അഭിമാനത്തോടെ അനുസ്മരിക്കണം. മലബാർ കുടിയേറ്റത്തിനു നേതൃത്വം നൽകിയ അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിനെയും ഷെവലിയർ വി.ജെ ജോസഫ് കണ്ടോത്തിനെയും ഈ അവസരത്തിൽ നമുക്ക് പ്രത്യേകം അനുസ്മരിക്കാം. നിരവധിയായ വെല്ലുവിളികൾ നേരിട്ടപ്പോഴും പട്ടിണിയും രോഗങ്ങളും പിൻതുടർന്നപ്പോഴും വിശ്വാസദീപ്തി ഒളിമങ്ങാതെ കാത്ത ആദ്യകാല മാതാപിതാക്കളെയും അവർക്കു കരുത്തും പ്രതീക്ഷയും പകർന്ന ബഹു. വൈദികരെയും നന്ദിയോടെ അനുസ്മരിക്കാം. ക്നാനായ സമുദായത്തിന് മലബാർ മേഖലയിൽ ആഴത്തിൽ ഈ വേരുപാകുവാൻ സംഘടിത കുടിയേറ്റങ്ങൾ ഏറെ സഹായിക്കുകയുണ്ടായി. 2014 സെപ്റ്റംബർ 9 മുതൽ 12 വരെ ചൈതന്യയിൽ നടന്ന മൂന്നാമത് അതിരൂപതാ അസംബ്ലി മലബാർ കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലി സമുചിതമായി ആചരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തന

സജ്ജമായി കഴിഞ്ഞു. ഈ വരുന്ന ഫെബ്രുവരി 2-ാം തീയതി രാജപുരം തിരുക്കുടുംബദേവാലയാങ്കണത്തിൽ വച്ച് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം നട ത്തണമെന്നാണ് നമ്മൾ തീരുമാനിച്ചിരിക്കുന്നത്. ആയതിലേക്ക് നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയും ശാരീരികമായി സന്നി ഹിതരാകാൻ സാധിക്കാത്ത എല്ലാ ക്നാനായ മക്കളുടെയും ആത്മീയ സാന്നിദ്ധ്യവും ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഈ ജൂബിലി ആഘോഷങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം സമുദായ അംഗങ്ങളുടെ വിശ്വാസവും തനിമയും ഒരുമയും ഊട്ടി വളർത്താൻ പോരുന്നതായിരിക്കണം. ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ശക്തിയും ദൗർബല്യങ്ങളും അറിഞ്ഞ് വിശ്വാസത്തിലേക്കും സാമുദായിക ഐക്യത്തിലേക്കും കൂടുതൽ ആഴപ്പെടുകയും കുറവുകൾ മനസ്സിലാക്കി തിരുത്തുന്നതിനുള്ള അവ സരങ്ങൾ സൃഷ്ടിക്കുകയും വേണം. ക്നാനായ സമുദായാംഗങ്ങൾ പരസ്പരം പുലർത്തുന്ന ഐക്യവും സഹകരണവും ഏതൊരു സമൂഹത്തിനും അനുകരണീയമായ മാതൃകയാണ്.

സമുദായാംഗങ്ങളിൽ ആർക്കെങ്കിലും വ്യക്തിപരമായ അവശ തകളോ വെല്ലുവിളികളോ നേരിടേണ്ടി വരുമ്പോൾ അവരെ സഹാ യിക്കാൻ ഒരു മനസ്സോടെ ഓടിയെത്തുന്ന ക്നാനായ കൂട്ടായ്മ യാണ് ഭാരതത്തിലും ഭാരതത്തിനുപുറത്തും വളർന്നു പന്തലിക്കാൻ ഈ സമൂഹത്തെ സഹായിച്ചത് എന്ന കാര്യം നാം അനുസ്മരിക്ക ണം. സ്വാർത്ഥതയുടെ തടവറയിലേക്ക് താഴ്ന്നിറങ്ങാനുള്ള ആധു നിക സമൂഹത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കുന്ന ഈ സാഹോദര്യവും കൂട്ടായ്മയും ശക്തിപ്പെടു ത്താൻ കുടിയേറ്റ പ്ലാറ്റിനം ജൂബിലി നമുക്കു പ്രചോദനമാകണം.

മദ്യപാനം തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ ഒറ്റക്കെട്ടായി പോരാടാനും ക്നാനായ സമുദായത്തെ നന്മയുടെ വഴിയിൽ വളർത്താനും നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. മാറി വരുന്ന സാമൂഹ്യ ചുറ്റുപാടുകളിൽ ഏറി വരുന്ന മിശ്രവിവാഹം പോലെയുള്ള പ്രവണതകൾ നമ്മുടെ സഭയേയും സമുദായത്തെയും

ബാധിക്കാതിരിക്കാൻ നാം നിരന്തരം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസവും സമുദായത്തോടുള്ള പ്രതിബദ്ധതയും അലംഘനീയമൂല്യങ്ങളായി കാത്തുസൂക്ഷിച്ച നമ്മുടെ പിതാക്കന്മാരുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ക്നാനായ സമുദായത്തിൽ നിന്നുമാത്രം ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്ന ക്നാനായ പൈതൃകം അരക്കിട്ടുറപ്പിക്കാൻ ജൂബിലി ആചരണം നമ്മെ സഹായിക്കട്ടെ.

ക്നാനായ ജനതയുടെ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്ന കുടിയേറ്റ സ്വഭാവത്തിന് ആഴമേറിയ ഒരാദ്ധ്യാത്മികത ഉണ്ടെന്ന് നാം വിസ്മരിക്കരുത്. മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾക്കായുള്ള അന്വേഷണം എന്നതിനപ്പുറം കരംപിടിച്ചു നടത്തുന്ന ദൈവത്തിന്റെ വാഗ്ദാനത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു സമൂഹത്തിന്റെ വിശ്വാസ തീർത്ഥാടനമാണത്. ധീരസാഹസികമായ മലബാർ കുടിയേറ്റത്തിന്റെ ഓർമ്മകളിൽ ഈ വിശ്വാസ തീർത്ഥാടനത്തിനു കരുത്തേകാൻ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്ന ക്നാനായ മക്കൾക്ക് മലബാർ കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലി അവസരമൊരുക്കട്ടെ എന്നാശംസിച്ചുകൊണ്ട്.

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

N.B. ഈ സർക്കുലർ 2015 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

# ഇടയലേഖനം

അഭിവന്ദ്യ മെത്രാപ്പോലീത്തമാരേ, മെത്രാന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

*നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആശംസകൾ!*

ഭാരതത്തിന്റെ 66-ാമത് റിപ്പബ്ലിക്ദിനം ആഘോഷിച്ചതേ ഉള്ളൂ. റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് സന്നിഹിതനായിരുന്നുവെന്നത് ആഘോഷങ്ങളെ പ്രത്യേകം ശ്രദ്ധേയമാക്കി. ഈ സന്ദർഭത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ 2015 ജനുവരി 20-ന് സിബിസിഐ സെന്ററിൽ വച്ചു നടന്ന ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് സംഘടിപ്പിച്ച പ്രത്യേക ആലോചനായോഗത്തിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ ആലോചനായോഗത്തിൽ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ജോർജ് ആലഞ്ചേരി, കർദിനാൾ ടെലെസ്ഫോർ റ്റോപ്പോ എന്നിവരും ഞാനും ഉൾപ്പെടെ ഭാരതത്തിലെ നാലു കർദിനാൾമാർ സംബന്ധിച്ചു. സിബിസിഐയുടെ കാര്യനിർവാഹകരുമുണ്ടായിരുന്നു. കൂടാതെ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (CCI), കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU), ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM), എന്നിവയുടെ പ്രതിനിധികളും നിയമവിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക പ്രവർത്തകരും സംബന്ധിച്ചിരുന്നു. ഈ ആലോചനായോഗത്തിനുശേഷം ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള മറ്റു ക്രൈസ്തവസഭകളുടെ നേതാക്കളുമായി (NCCI, EFI) കൂടിയാലോചന നടത്തി.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തു നടന്ന ഞെട്ടിക്കുന്ന ചില സംഭവങ്ങൾ ന്യൂനപക്ഷസമൂഹങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മുറിപ്പെടുത്തുകയും നമ്മുടെ

രാഷ്ട്രത്തിന്റെ മതനിരപേക്ഷ സംവിധാനത്തിലുള്ള വിശ്വാസത്തെ പിടിച്ചു കുലുക്കുകയും ചെയ്തിട്ടുണ്ട് എന്നു വിലയിരുത്തപ്പെട്ടു. ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ പള്ളികൾക്കും വൈദികർക്കും അല്മായർക്കും എതിരേ ഉണ്ടായ പരിഭ്രാന്തിജനകമായ സംഭവങ്ങൾ ക്രൈസ്തവസമൂഹത്തിന് വലിയ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. "പുനർമതപരിവർത്തന"ത്തിന്റെ പേരിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ ഇന്ത്യയ്ക്കു നിഷേധാത്മക പ്രതിഛായയാണ് സൃഷ്ടിക്കുന്നത്. സമുദായധ്രുവീകരണവും ഇന്ത്യയെ ഏകജാതീയമാക്കാനുള്ള ആഹ്വാനവും എല്ലാ ന്യൂനപക്ഷങ്ങൾക്കും- സ്ത്രീകൾക്കും ദളിതർക്കും, ഭാഷാപരമായും സാംസ്കാരികമായും മതപരമായും ന്യൂനപക്ഷങ്ങളായിട്ടുള്ള എല്ലാവർക്കും ഭീഷണി ഉയർത്തുകയാണ്. കൂടാതെ, അടുത്തകാലത്തുണ്ടായ പല ബില്ലുകളും ഓർഡിനൻസുകളും പാവപ്പെട്ട കർഷകർ, മീൻപിടിത്തക്കാർ, തൊഴിലാളികൾ, ദളിതർ, ഗോത്രവർഗങ്ങൾ, മറ്റുള്ള പാർശ്വവത്കൃതസമൂഹങ്ങൾ എന്നിവരുടെ ജീവിതത്തെയും ജീവസന്ധാരണത്തെയും ദുർബലപ്പെടുത്തുമെന്ന് വിലയിരുത്തപ്പെടുന്നു.

"ഘർ വാപസി" പരിപാടികളും വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും "കാവിവത്ക്കരിക്ക"ലും ഹിന്ദു രാഷ്ട്രത്തിനുവേണ്ടിയുള്ള മുറവിളികളും നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ "കാവിവത്ക്കരണം" വരുംതലമുറക്ക് ഒരു ബൗദ്ധിക ഭീഷണിയാണ്. മതപരിവർത്തനം ഒരുവന്റെ സ്വതന്ത്രമനസ്സിന്റെയും ഭരണഘടനാപരവും മൗലികവുമായ അവകാശത്തിന്റെയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രയോഗമാണ്. എന്നാൽ "ഘർ വാപസി" യെന്നത് ഒരു രാഷ്ട്രീയ പ്രക്രിയയാണ്. മതദേശീയവാദത്തിന്റെ ശക്തരായ വക്താക്കളാണ് അതു നടത്തുന്നത്. അത് മതനിരപേക്ഷതയുടെ തത്ത്വത്തിന് ഏറെ വിരുദ്ധവുമാണ്.

നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ

വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. ദീർഘകാലമായി വ്യത്യസ്തമതങ്ങൾ തഴച്ചുവളർന്ന രാജ്യമാണ് ഇന്ത്യ. എല്ലാവരുടെയും അവകാശങ്ങൾ - മതവിശ്വാസമോ ലിംഗഭേദമോ ജാതിയോ പരിഗണിക്കാതെ - സുരക്ഷിതമാക്കാൻ നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാർ സവിശേഷമായി പരിശ്രമിച്ചിട്ടുണ്ട്. മതസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ഒരു മനുഷ്യാവകാശമാണ്. ഇത് ജനാധിപത്യപരമായ ഒരു മൂല്യവും ഭരണഘടന ഉറപ്പുനല്കുന്ന മൗലികാവകാശവുമാണ്.

രണ്ടായിരത്തോളം വർഷമായി, ക്രിസ്തുമതം ഭാരതത്തിൽ വേരുറച്ചിട്ട്. ക്രൈസ്തവരായ നാം ദൈവത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹിക വികസനം മുതലായവയുടെ മണ്ഡലങ്ങളിൽ നാം ഈ രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചുപോരുന്നുണ്ട്. ജാതിയോ വിശ്വാസമോ മതമോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യാതൊരു വിവേചനവും കൂടാതെയാണ് അങ്ങനെ ചെയ്യുന്നത്.

നമ്മുടെ മാതൃരാജ്യത്ത് നമ്മൾ സുരക്ഷിതരായിരിക്കുമെന്ന ഉറപ്പ്, ഈ രാജ്യത്തെ ക്രൈസ്തവരായ നമുക്ക് ഗവർമെന്റിൽ നിന്ന് ലഭിക്കണം. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്കുള്ള തീവ്രമായ ഉത്കണ്ഠ നമ്മൾ രേഖപ്പെടുത്തുന്നു. എല്ലാ മതങ്ങളിൽപ്പെട്ടവരും സാംസ്കാരിക പശ്ചാത്തലമുള്ളവരും സ്വതന്ത്രരായി ഭയമോ ഭീഷണിയോ ഇല്ലാതെ സ്വന്തം മതവും വിശ്വാസവും അനുസരിച്ച് ഐക്യത്തോടെ ജീവിക്കുന്ന ഒരു രാജ്യമായിരിക്കണം വരുംനാളുകളിലും മഹത്തായ ഈ മതനിരപേക്ഷ രാജ്യം. മാതൃരാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും നമ്മൾ നമ്മെത്തന്നെ സമർപ്പിക്കുന്നു. അതോടൊപ്പം ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ മുമ്പിൽ സുശക്തവും നിർബന്ധപൂർവകവുമായ ഒരഭ്യർത്ഥന സമർപ്പിക്കുന്നു. ഈ മതനിരപേക്ഷ രാഷ്ട്രത്തിന്റെ ഐക്യത്തിന് വലിയ ഭീഷണി ഉയർത്തുന്ന പ്രവർത്തനങ്ങളും കേന്ദ്രമന്ത്രിസഭയിലെയും പാർട്ടിയിലെയും ഉത്തരവാദിത്വപ്പെട്ട

വ്യക്തികൾ അത്തരത്തിൽ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും നിറുത്തിവയ്ക്കുന്നതിന് അടിയന്തിരമായി ഇടപെടാനും സമുചിതമായ നടപടികളെടുക്കുവാനും പ്രധാനമന്ത്രിയെന്ന നിലയിൽ അങ്ങ് തയ്യാറാകണം. മഹത്തായ നമ്മുടെ ദേശത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അത്തരത്തിലുള്ള പ്രവണതകളെ അവസാനിപ്പിക്കുകയെന്നത് അനുപേക്ഷണീയ കാര്യമാണ്.

ഇനി, ഞങ്ങളുടെ ആലോചനായോഗത്തിലുണ്ടായ ചില നിർദേശങ്ങളിലേക്കും ശിപാർശകളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

1. സഭ എന്നും ദരിദ്രരോടും പീഡ സഹിക്കുന്നവരോടും സഹതാപപൂർവം പെരുമാറിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രേഷിതശുശ്രൂഷകളിലും ദരിദ്രരോടുള്ള ഈ പ്രത്യേക സ്നേഹത്തന്റെ മനോഭാവം പൂർവാധികം വസ്തുനിഷ്ഠമായി ദൃശ്യമാകണം. ഇക്കാര്യം പരിശുദ്ധ പിതാവ് ഫ്രൻസിസ് മാർപാപ്പാ ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ദളിതർ, പിന്നോക്കവിഭാവങ്ങൾ, ഗോത്രവർഗക്കാർ എന്നിവരും കത്തോലിക്കാവിശ്വാസം സ്വീകരിച്ചവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതിന് നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം.

2. വിവിധ ക്രൈസ്തവസമൂഹങ്ങൾ തമ്മിൽ ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ കൂടുതൽ ഐക്യവും സഹകരണവും ഉണ്ടാകണമെന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സാമൂഹികരാഷ്ട്രീയ സാഹചര്യം ആവശ്യപ്പെടുന്നു.

3. സഭയ്ക്കും സമൂഹത്തിനും നേരിടേണ്ടിവരുന്ന ഭീഷണികളെയും വെല്ലുവിളികളെയും വിമർശനബുദ്ധിയോടെ വിലയിരുത്താനും സമുചിതമായ ഹ്രസ്വകാല - ദീർഘകാല സമരതന്ത്രങ്ങൾ രൂപപ്പെടുത്താനും നമ്മുടെ അല്മായരെ നമ്മൾ ശക്തിപ്പെടുത്തണം. ഈ വിഷയത്തിൽ സ്ത്രീകളെയും യുവജനത്തെയും ശക്തരാക്കാൻ സവിശേഷപരിശ്രമങ്ങൾ നടക്കണം.

4. ഐക്യം, സാഹോദര്യം, മതനിരപേക്ഷത, സമാധാനം, നീതി എന്നിങ്ങനെ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂല്യങ്ങൾ വിദ്യാഭ്യാസം വഴിയും മറ്റു സാമൂഹിക ഇടപെടലുകൾ വഴിയും യുവജനത്തിന്റെ മനസ്സിൽ പോഷിപ്പിക്കണം. അവരെ സമർപ്പണബുദ്ധിയുള്ള ഭാരതത്തിന്റെ പൗരന്മാരും സഭയുടെ വിശ്വസ്തരായ പുത്രീപുത്രന്മാരുമാക്കി തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ അപ്രകാരം ചെയ്യണം.

5. നമ്മുടെ മാധ്യമ പ്രവർത്തകരെയും മറ്റു വിദഗ്ധരെയും അംഗീകരിക്കുകയും സഭയുടെ ചിന്താഗതിക്ക് അനുസൃതമായി പ്രാദേശീയ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഭീഷണികളെ നേരിടാൻ അവരെ വളർത്തുകയും വേണം. മനുഷ്യാവകാശലംഘനങ്ങൾക്കെതിരേ സമാനചിന്താഗതിക്കാരായ മറ്റുള്ളവരോട് ഒത്തുചേർന്ന് നമ്മൾ സമ്മർദ്ദം സൃഷ്ടിക്കണം.

6. ക്രൈസ്തവജനസമൂഹത്തിന്റെയും മാനുഷികവും സ്ഥാപനപരവുമായ വിഭവങ്ങളുടെയും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം ഇടവക, രൂപതാതലങ്ങളിൽ ഉണ്ടായിരിക്കണം. സഭയുടെയും രാജ്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടി കൂടുതൽ കാര്യക്ഷമമായ ഇടപെടലിന് ഇതു സഹായകമാകും.

7.ആശയരൂപീകരണം നടത്തുന്നതിന് "ചിന്തകരുടെ ഒരു ഗ്രൂപ്പു" ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ രൂപപ്പെടുത്തുന്നത് നന്നായിരിക്കും. സാമൂഹിക രാഷ്ട്രീയ രംഗത്തെ വെല്ലുവിളികളെ കാര്യക്ഷമമായി അപഗ്രഥിക്കാനും പ്രശ്നങ്ങളെപ്പറ്റി സഭാനേതാക്കന്മാരെ ബോധിപ്പിക്കാനും വേണ്ടിയാണ് ഇത്. ഇതുപോലെ തന്നെ സുപ്രധാനമായ കാര്യമാണ് രൂപതാതലത്തിലും റീജിയൻതലത്തിലും ദേശീയതലത്തിലും വക്താക്കൾ അഥവാ പി.അർ.ഓ. മാർ ഉണ്ടായിരിക്കുകയെന്നതും. നമ്മുടെ നിലപാടു വ്യക്തമാക്കാനും സമകാലീനപ്രശ്നങ്ങൾ വ്യാഖ്യാനിക്കാനും സമൂഹത്തിലെ എല്ലാവിഭാഗങ്ങളുമായി ഗുണകരമായ ബന്ധം പോഷിപ്പിക്കാനും വേണ്ടിയാണത്.

8. ഇടവകതലത്തിലും രൂപതാതലത്തിലും പ്രാദേശികതലത്തിലും ദേശീയതലത്തിലും സംയുക്ത ക്രൈസ്തവ പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കുകയും മത-സാമുദായിക മൈത്രി വളർത്തുന്നതിന് ശ്രദ്ധവയ്ക്കുകയും വേണം.

ഈ നിർദേശങ്ങൾക്കു പുറമേ മറ്റു പല നിർദേശങ്ങളും ആലോചനായോഗത്തിലെ അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മേൽ പറഞ്ഞവയോടൊപ്പം ഇവയ്ക്കു അനുരൂപമായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ഏറ്റവും നന്നായി ചെയ്യാൻ നമ്മൾ പരിശ്രമിക്കണം. സ്ഥിരമായ ശ്രദ്ധ, സംയുക്തപ്രവർത്തനം, ദൈവപരിപാലന, ഒരു തിന്മയ്ക്കും കീഴടക്കാനാവാത്ത സഭയെ സ്ഥാപിച്ച നമ്മുടെ കർത്താവിന്റെ ദൈവിക സഹായത്തിലുമുള്ള അഗാധമായ വിശ്വാസം എന്നിവയായിരുന്നു ആലോചനായോഗത്തിലെ പ്രധാന വിഷയങ്ങൾ.

ഭാരത കത്തോലിക്കാ മെത്രാന്മാൻ സമിതി (CBCI) ഇന്ത്യ മുഴുവനിലുമുള്ള സഭാംഗങ്ങൾക്ക് ഒരു കാര്യത്തിൽ ഉറപ്പു നല്കാൻ ആഗ്രഹിക്കുന്നു: ഏതെങ്കിലും തരത്തിൽ സഹനത്തിനു വിധേയരായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം എപ്പോഴും ഞങ്ങൾ ഉണ്ട്.

നമ്മൾ ഈ രാജ്യത്തിലെ പൗരന്മാരാണ്. ഈ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി നമ്മൾ അധ്വാനം തുടരും. ദൈവരാജ്യം പ്രഘോഷിക്കാൻ മാമ്മോദീസാപരമായ കടമ നമുക്കുണ്ട്. ഭീഷണിയോ അക്രമമോ അതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുകയില്ല. നമ്മുടെ വിശ്വാസത്തെ സംഘടിതമായി ശക്തിപ്പെടുത്തുകയെന്നത് നമ്മുടെ ആവശ്യമാണ്. നമ്മൾ ഒരു രാഷ്ട്രീയപാർട്ടിക്കും എതിരേ യുദ്ധം ചെയ്യുകയല്ല. പിന്നെയോ നമ്മുടെ രാഷ്ട്രത്തിന്റെ വിശുദ്ധമായ ആദർശങ്ങൾക്കുവേണ്ടി പോരാടുകയാണ്. മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ ജനാധിപത്യം മുതലായവയാണ് ശ്രേഷ്ഠമായ നമ്മുടെ ഭരണഘടനയിൽ ഉറപ്പുതന്നിട്ടുള്ള ആ ആദർശങ്ങൾ. സഭയുടെ ഉത്തരവാദിത്വപ്പെട്ട അംഗങ്ങളും നമ്മുടെ രാഷ്ട്രത്തിന്റെ പൗരന്മാരുമെന്ന നിലയിൽ വിശ്വാസത്തിനും രാഷ്ട്രത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി

ജീവൻ ത്യജിക്കാനും നാം തയ്യാറാണ്. ദൈവസഹായത്തിൽ ആശ്രയിച്ച് നാം ഇങ്ങനെ ശപഥം ചെയ്യണം: വിശ്വാസത്തെയും രാജ്യത്തിന്റെ മതനിരപേക്ഷ-ജനാധിപത്യസ്വഭാവത്തെയും ഉയർത്തിപ്പിടിക്കുന്നതിനെതിരേയുള്ള സമ്മർദ്ദത്തിനോ ഭീഷണിക്കോ വഴങ്ങുകയില്ല.

തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ തുടർന്നും അനുഗ്രഹിക്കട്ടെ. അവിടത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ദൗത്യം തുടരുന്നതിന് അവിടന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിനുവേണ്ടി നമ്മുടെ പരിശുദ്ധ അമ്മ മാധ്യസ്ഥ്യം വഹിക്കട്ടെ.

പ്രാർത്ഥനയോടും ആശംസകളോടും കൂടെ

സ്നേഹപൂർവം, കർത്താവിൽ

**കർദിനാൾ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ് &
പ്രസിഡന്റ്, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ &
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി

NB: 2015 ഫെബ്രുവരി 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ഫെബ്രുവരി 6,13,20,27 | ജാഗരണപ്രാർത്ഥന |
| 6 – 8 | പരീക്ഷാ ഒരുക്കധ്യാനം (കുട്ടികൾക്ക്) |
| 14 | ജീസസ് യൂത്ത് കൂട്ടായ്മ |
| 12 – 15 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>(ഫാ. ജിബിൽ, ബ്ര. തോമസ് കുര്യൻ & ടീം) |
| 16 – 20 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം<br>(ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം) |
| 22 – 26 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |

# CHAITHANYA PROGRAMME
## February 2015

| Date | | Programme |
|---|---|---|
| 1 | - | Mangalam Reporters' Meet |
| 2-4 | - | VHSC Principle Meet |
| 3-7 | - | Co-operative Bank Employees Training |
| 4 | - | KSSS Animators' Meeting |
| 5 | - | KSSS-CPS Federation Meeting |
| 5 | - | KSSS Beautician Training |
| 8-11 | - | KSSS Andheri Hilfe Project Visit Meetings |
| 9 | - | KSSS Tailoring training |
| 12 | - | KSSS Coordinators’ Meeting |

| | | |
|---|---|---|
| 12-14 | - | Family Commission - Pre-marriage Course |
| 12 | - | KCWA Annual Meet |
| 13 | - | CBR New Staff Training |
| 14 | - | Retired Teachers Meet |
| 14 | - | KSSS Bee-keeping Training |
| 14 | - | KSSS Mushroom Cultivation Training |
| 14 | - | KSSS Ornamental-making Training |
| 14 | - | KSSS Candle-making Training |
| 14 | - | KSSS Live Stock Management Training |
| 17-19 | - | Co-operative Bank Employees Training |
| 17 | - | Presbyteral Council & Pastoral Council |
| 21 | - | KSSS Men SHG Leaders Training |
| 21 | - | KSSS International Mother Tongue Day Inauguration |
| 21 | - | KSSS Environmental Awareness Training Programme |
| 21-22 | - | Vincent de Paul Meeting |
| 23-1 | - | Co-operative Bank Employees Training |
| 24 | - | KSSS Job Training |
| 24 | - | KSSS- Coordinators meeting |
| 24 | - | KSSS- SAFP Edackad Region meet |
| 26 | - | KSSS Income Generation Training |
| 28 | - | SAFP-FDP Evaluation Meet |
| 28 | - | KSSS- Sciece Day Celebrations |
| 28 | - | KSSS Mushroom Cultivation Training |

# ബൈബിൾ കമ്മീഷൻ

## 23–ാമത് വിശുദ്ധനാട് തീർത്ഥയാത്ര

യേശു സംഭവങ്ങളുടെ വിശുദ്ധനാടുകളായ ഇസ്രയേൽ, പാലസ്തീൻ, ജോർദാൻ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിലൂടെയുള്ള ആത്മീയ യാത്ര ഏപ്രിൽ 15ന് പുറപ്പെടുന്നു. താൽപര്യമുള്ളവർ 2015 മാർച്ച് 10നു മുമ്പ് ബന്ധപ്പെടുക.

**ഫാ. ജോർജ് പുതുപറമ്പിൽ**

ചെയർമാൻ

Mob : 9447507304

# വൊക്കേഷൻ കമ്മീഷൻ

## ജീവിതദർശൻ സെമിനാർ

അതിരൂപതാ ദൈവവിളി കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലായി ജീവിതദർശൻ ക്ലാസുകൾ നടത്തി. കിടങ്ങൂർ സെന്റ് മേരീസ്, ഉഴവൂർ OLLHSS, മോനിപ്പള്ളി ഹൈസ്കൂൾ എന്നിവിടങ്ങളിൽ 10ഉം 12ഉം ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഫാ. പ്രിൻസ് തൈപ്പുരയിടത്തിലും, ഫാ. ജോസ് തേക്കുനിൽക്കുന്നതിലും ക്ലാസുകൾ എടുത്തു.

## മാസധ്യാനം

സമർപ്പിത വർഷത്തോടനുബന്ധിച്ച് അതിരൂപതയിലെ വിവിധ വൈദിക - സന്യസ്ത പരിശീലന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയും ധ്യാനവും മറ്റു ആഘോഷപരിപാടികളും ദയറാ സെമിനാരിയിൽ വച്ച് ഫെബ്രുവരി മാസം 7-ാം തീയതി 9 മണി മുതൽ നടത്തപ്പെടുന്നു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് വി. ബലിയർപ്പിച്ച് സന്ദേശം നൽകും.

**ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ**

ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ

# കെ. സി. ഡബ്ല്യു. എ.

## പ്രവർത്തനോദ്ഘാടനവും കാൻസർരോഗ ബോധവൽക്കരണ ക്ലാസ്സും

കോട്ടയം അതിരൂപതാ കെ.സി.ഡബ്ല്യു.എ. 2015 ലെ പ്രവർത്തനോദ്ഘാടനവും, കാൻസർരോഗ ബോധവൽക്കരണ ക്ലാസും ഫെബ്രുവരി 12ന് രാവിലെ 9.30ന് ചൈതന്യയിൽ നടത്തപ്പെടുന്നു. അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്യും. അതേ തുടർന്ന് പ്രസിദ്ധ കാൻസർരോഗ വിദഗ്ദ്ധൻ ഡോ. തോമസ് വർഗീസ് കാൻസർരോഗ ബോധവൽക്കരണ ക്ലാസ് എടുക്കുന്നതായിരിക്കും. ഉച്ച കഴിഞ്ഞ് പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസു നടത്തപ്പെടും. പ്ലാസ്റ്റിക് റീസൈക്ലിങ് ഫാക്ടറിയുമായി സഹകരിച്ച് ഇടവക തോറുമുള്ള കുടുംബങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഫാക്ടറിയെ ഏൽപിക്കുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനവും ഫെബ്രുവരി 12 ന് നടത്തപ്പെടുന്നതാണ്.

**ബീനാ രാജു നീറിക്കാട്** (അതിരൂപതാ സെക്രട്ടറി)

# കെ. സി. വൈ. എൽ.

## അതിരൂപതാ സമിതി സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്യാമ്പ് നടത്തി

കെ.സി.വൈ.എൽ. അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് അടക്കമുള്ള പ്രവർത്തനമേഖലകളിലേയ്ക്ക് ക്നാനായ യുവജനങ്ങളുടെ ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ജനുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 4 പി.എം. വരെ ഏകദിന സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സിവിൽ സർവ്വീസ് അടക്കമുള്ള മേഖലകളിലേക്ക് ദൃഢനിശ്ചയത്തോടെ കടന്നുവരുന്ന

ക്നാനായ യുവജനങ്ങൾക്ക് ആവശ്യമുള്ള സാഹചര്യങ്ങൾ ഒരുക്കാൻ അതിരൂപത പ്രതിജ്ഞാബദ്ധമാണെന്ന് മാർ മൂലക്കാട്ട്. മുൻ ചീഫ് സെക്രട്ടറി ശ്രീ. ജോസ് സിറിയക് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. തന്റെ സർവ്വീസ് കാലഘട്ടത്തിലെ അനുഭവങ്ങളും സിവിൽ സർവ്വീസ് പരീക്ഷയ്ക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികളും മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും അദ്ദേഹം പങ്കുവച്ചു. കെ.സി.വൈ.എൽ. അതിരൂപത പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപതാ വികാരി ജനറാൾ മോൺ മാത്യു ഇളപ്പാനിക്കൽ, കെ.സി.വൈ.എൽ. അതിരൂപതാ ചാപ്ലയിൻ ഫാ. എബ്രഹാം പറമ്പേട്ട്, ജനറൽ സെക്രട്ടറി ദിനൂപ് മലയിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് സിവിൽ സർവ്വീസ് പരീക്ഷയുടെ ഒരുക്കവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ ഡോ. ജോസഫ് വെട്ടിക്കൻ, സിവിൽ സർവ്വീസ് ആസ്പിരന്റ്സ് ക്ലബ്ബ് ഡയറക്ടർ ശ്രീ. ജോസ് ആൻഡ്രൂസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് തൃശൂർ ഇൻകംടാക്സ് അസി. കമ്മീഷണർ ശ്രീ. ജ്യോതിസ്സ് മോഹൻ IRS സിവിൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനരീതികൾ വിശദീകരിച്ചു. യുവജനങ്ങളും മാതാപിതാക്കളും ഉൾപ്പെടെ 130-ഓളം പേർ പ്രോഗ്രാമിൽ പങ്കെടുത്തു.

**ദിനൂപ് പി. മലയിൽ**
അതിരൂപതാ ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതി

നിർദ്ധന രോഗികൾക്കും കുടുംബങ്ങൾക്കും അവശ്യഘട്ടങ്ങളിൽ സഹായ ഹസ്തമായി മാറുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസിന്റെ നേതൃത്വത്തിൽ സുവർണ്ണ ജൂബിലി കർമ്മപദ്ധതിയായി ആരംഭിച്ച ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിക്ക് തുടക്കമായി. സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ സഹകരണത്തോടെയാണ് ജീവകാരുണ്യ ആംബുലൻസ് പദ്ധതിക്ക് തുടക്കം കുറിച്ചത്. കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിലായുള്ള കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്കും ഇതര പൊതുസമൂഹത്തിനും മിതമായ നിരക്കിലും ഒപ്പം സാമ്പത്തികമായി തീർത്തും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും ആവശ്യാനുസരണം സൗജന്യമായി ആംബുലൻസ് സേവനം ലഭ്യമാകത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുടെ സേവനം ലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നവർ **9446012102** നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. 24 മണിക്കൂറും ആംബുലൻസ് സേവനം ലഭ്യമാകും.

## വികസന പാതയിൽ വരുംദിനങ്ങളിൽ

## മാതൃഭാഷാ ദിനാചരണം ഫെബ്രുവരി 21 ന്

അന്താരാഷ്ട്ര മാതൃഭാഷ ദിനമായ ഫെബ്രുവരി 21 ശനിയാഴ്ച രാവിലെ 10.30 മുതൽ 3.00 വരെ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ മാതൃഭാഷാ ദിനാചരണം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസ് പുരുഷ സ്വാശ്രയ കേന്ദ്രതല ഫെഡറേഷന്റെ നേതൃത്വത്തിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന ദിനാചരണത്തിൽ സാമൂഹിക സാംസ്കാരിക ഭാഷ പണ്ഡിതൻമാർ പങ്കെടുക്കുന്ന മാതൃഭാഷ ദിന പൊതു സമ്മേളനം, മാതൃഭാഷ ദിനാചരണ പ്രതിജ്ഞ, എന്റെ ഭാഷ- എന്റെ മണ്ണ് എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ എന്നിവ സംഘടിപ്പിക്കും.

## ദേശീയ ശാസ്ത്ര ദിനാചരണം ഫെബ്രുവരി 28 ന് ചൈതന്യയിൽ

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ദേശീയ ശാസ്ത്ര ദിനാചരണം ഫെബ്രുവരി 28 ശനിയാഴ്ച്ച ചൈതന്യയിൽ സംഘടിപ്പിക്കുന്നു. വികസന ഇടപെടലുകൾ ഉൾപ്പെടെ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ശാസ്ത്രീയ സമീപനത്തിന്റെ അനിവാര്യതയെക്കുറിച്ചുള്ള അവബോധം സ്വാശ്രയസംഘാംഗങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശാസ്ത്രദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് സെമിനാർ ശാസ്ത്ര സംവാദം, ശാസ്ത്ര പ്രദർശനം, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

## ദേശീയ പരിസ്ഥിതി ബോധവത്ക്കരണ സെമിനാർ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെയും സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്പ്മെന്റിന്റെയും സഹകരണത്തോടെ ദേശീയ പരിസ്ഥിതി ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 21-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്ന സെമിനാറിന്റെ ഉദ്ഘാടനം വന ഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിക്കും. മരുവത്കരണം, ഭൂശോഷണം, വരൾച്ച എന്നിവ മുഖ്യ വിഷയമായി എടുത്തിരിക്കുന്ന സെമിനാറിന് പരിസ്ഥിതി വിദഗ്ദ്ധർ നേതൃത്വം നൽകും.

## SAFP കുടുംബശാക്തീകരണ പദ്ധതി - വിലയിരുത്തൽ യോഗം

കെ.എസ്.എസ്.എസ് കാനഡ കേന്ദ്രമായി പ്രവർത്തിക്കുന്ന സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിൽ 2013-14 വർഷത്തിൽ സഹായ കാലാവധി പൂർത്തിയായ കുടുംബങ്ങളുടെ വിലയിരുത്തൽ യോഗം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 28 ശനിയാഴ്ച രാവിലെ 10 മണി മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്ന യോഗത്തോടനുബന്ധിച്ച് പങ്കാളികളുടെ അവസാന ഘട്ട സഹായ വിതരണം, കുടുംബങ്ങളുടെ വളർച്ച വിലയിരുത്തൽ, തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവ ക്രമീകരിച്ചിരിക്കുന്നു. കാലാവധി പൂർത്തിയാക്കുന്ന എല്ലാ കുടുംബങ്ങളുടെയും പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

## SAFP കുടുംബശാക്തീകരണ പദ്ധതി- സഹായധനം പിൻവലിക്കൽ

കുടുംബശാക്തീകരണ പദ്ധതി പങ്കാളികളുടെ ഫെബ്രുവരി മാസത്തെ ധനസഹായം പിൻവലിക്കൽ ഫെബ്രുവരി 24 ചൊവ്വാഴ്ചയായിരിക്കും. പദ്ധതികൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അന്നേദിവസം ചൈതന്യയിൽ എത്തിച്ചേരേണ്ടതാണ്.

## തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത് രോഗ നിർണ്ണയം നടത്തുന്നവർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ഒരുക്കുന്നതാണ്. ഫെബ്രുവരി 4ന് ചേർപ്പുങ്കലും, 20 ന് കട്ടച്ചിറിയിലും മാർച്ച് 10 ന് മണക്കാടും, 17 ന് ഞീഴൂരും, 23 ന് റാന്നിയിലുമാണ് ക്യാമ്പ് നടത്തപ്പെടുക.

## SAFP കുടുംബശാക്തീകരണ പദ്ധതി- മേഖല സംഗമങ്ങൾ

കെ.എസ്.എസ്.എസ് സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബ ശാക്തീകരണ പദ്ധതിയിൽ അംഗങ്ങളായ പങ്കാളികളുടെ മേഖലാതല സംഗമങ്ങൾ സംഘടിപ്പിക്കുന്നു. മുഴുവൻ പങ്കാളികളും അതാത് മേഖലകളിൽ ഉച്ചകഴിഞ്ഞ് 1.30 ന് എത്തേണ്ടതാണ്. ഫെബ്രുവരി 24 ഇടയ്ക്കാട് മേഖലയുടെ സംഗമം ചൈതന്യയിൽ വച്ചും കിടങ്ങൂർ മേഖലയുടേത് ഫെബ്രുവരി 26 ന് സമരിറ്റൻ സെന്ററിൽ വച്ചും കൈപ്പുഴ മേഖലയുടേത് മാർച്ച് 10 ന് ചൈതന്യയിൽ വച്ചും നടത്തപ്പെടുന്നതാണ്.

## പുകയില്ലാത്ത അടുപ്പ്

കെ.എസ്.എസ്.എസ് ഹരിത സമൃദ്ധി പദ്ധതി നടപ്പിലാക്കുന്ന ഇടയ്ക്കാട്, കൈപ്പുഴ മേഖലയിലെ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഓരോ ഗ്രാമത്തിലും 3 പുകയില്ലാത്ത അടുപ്പുകൾ വീതം പുതുതായി പണിയുവാൻ അവസരം ഒരുക്കുന്നു. അടുപ്പ് നിർമ്മിക്കുന്നതിനാവശ്യമായ സാധന സമഗ്രികൾ ക്രമീകരിക്കുന്നതിനോടൊപ്പം 1500 രൂപ വീതം ഗുണഭോക്താവ് നൽകണം. താൽപ്പര്യമുള്ള ഗുണഭോക്താക്കൾ നീർത്തട വികസന കമ്മിറ്റിയിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ഗുണഭോക്താക്കൾ തന്നെ ക്രമീകരിക്കേണ്ടതാണ്

## കാർഷിക വരുമാനപദ്ധതികൾ

സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി ലൈഫ് പദ്ധതി ഗ്രാമങ്ങളിൽ കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നു. മൂന്നിൽ കൂടുതൽ സംഘാംഗങ്ങൾ ചേർന്ന് നടപ്പിലാക്കുന്ന ഭക്ഷ്യോത്പാദക കൂട്ടുകൃഷികൾക്ക് 4000 രൂപ സബ്സി ഡിയായി ലഭ്യമാക്കും. കൂടാതെ പദ്ധതിയിൽ പങ്കാളിയാകുന്ന ഓരോ സംഘാംഗത്തിനും പരമാവധി 15000 രൂപ വരെ ഗ്രാമവികസന സമിതി വഴി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കും. ഒരു സംഘത്തിന് ഒരു പദ്ധതിക്കാണ് ആനുകൂല്യം ലഭ്യമാക്കുക. താല്പര്യമുള്ളവർ ഫെബ്രു വരി 28 നു മുമ്പായി ആനിമേറ്ററുടെ പക്കൽ പേര് നൽകേണ്ടതാണ്.

## പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുവാൻ അവസരം

വർദ്ധിച്ചു വരുന്ന വായു മലിനീകരണവും അതുവഴി ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുവാൻ ആഗോള തലത്തിൽ നടത്തി വരുന്ന പരിശ്രമങ്ങളിൽ പങ്കാളിയായികൊണ്ട് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുവാൻ അവസരം ഒരുക്കുന്നു. കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 3200 രൂപയ്ക്കും സ്വാശ്രയസംഘാംഗങ്ങൾ അല്ലാത്തവർക്ക് 3800 രൂപയ്ക്കും ആണ് അടുപ്പുകൾ നിർമ്മിച്ച് നൽകുന്നത്. കൂടാതെ അടുപ്പ് നിർമ്മാണ ത്തിനാവശ്യമായ 50 ചുടുകട്ട, മണൽ 10 ചട്ടി, മെറ്റൽ 3 ചട്ടി, കമ്പി 8 m 2 കിലോ, സിമന്റ് ഒരു ചാക്ക്, ആസ്ബറ്റോസ് പൈപ്പ് (6 ഇഞ്ച്) 10 അടി നീളം ഒരെണ്ണം, ടൈൽസ് ഒരു ചതുരശ്ര അടിയുടെ 20 എണ്ണം, ജോയിന്റ് ഫില്ലർ അരക്കിലോ, എയർ കൗൾ അഥവാ ബെന്റ് 6 ഇഞ്ച് ഒരെണ്ണം എന്നിവ ഗുണഭോക്താവ് ലഭ്യമാക്കണം. താല്പര്യമുള്ള സംഘാംഗങ്ങൾ അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## സ്വാശ്രയവാഹിനി- വനിതാ സ്കൂട്ടർ പദ്ധതി

കെ.എസ്.എസ്.എസ് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗ മായി വനിതാസ്വാശ്രയസംഘാംഗങ്ങൾക്ക് ടൂവിലർ ഡ്രൈവിംഗ്

പരിശീലനത്തോടൊപ്പം സ്കൂട്ടർ വാങ്ങുന്നതിനും കെ.എസ്.എസ്.എസ് പ്രചോദനം നൽകും. സുവർണ്ണജൂബിലിയോടനുബന്ധിച്ച് സ്റ്റാഫംഗങ്ങൾക്കായി നടപ്പിലാക്കിയ സ്കൂട്ടർ പദ്ധതിയുടെ തുടർച്ചയായാണ് സ്വാശ്രയവാഹിനി - സ്കൂട്ടർ പദ്ധതി നടപ്പിലാക്കുന്നത്.

## വനിതാദിനാഘോഷം മാർച്ച് 7 ന്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വനിതാദിനാചരണം വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കുന്നു. മാർച്ച് 7 ന് രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ ചൈതന്യയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. വിവിധ മത്സരങ്ങൾ, കലാപരിപാടികൾ, സെമിനാറുകൾ എന്നിവ നടത്തപ്പെടും. മത, സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുക്കും.

## വനിതാദിനത്തിൽ സോളാർ റാന്തൽ വിളക്കുകൾക്ക് ഡിസ്കൗണ്ട്

ലോകവനിതാദിനം ആഘോഷിക്കുന്ന മാർച്ച് 7 ന് ചൈതന്യയിൽ എത്തുന്നവർക്ക് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗരോർജ്ജ റാന്തൽ വിളക്കുകൾക്ക് പ്രത്യേക ഡിസ്ക്കൗണ്ട് നൽകുന്നു. സ്വാശ്രയസംഘാംഗങ്ങൾക്ക് 2550 രൂപയ്ക്കും പൊതുസമൂഹത്തിന് 2850 രൂപയ്ക്കുമായിരിക്കും വിളക്കുകൾ ലഭ്യമാക്കുന്നത്.

## ഊർജ്ജതരംഗിണി പദ്ധതി - മൂന്നാം ഘട്ടം

ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട് കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന ഊർജ്ജതരംഗിണി പദ്ധതിയുടെ മൂന്നാം ഘട്ടം നടപ്പിലാക്കുന്നു. കമ്പനി നിർമ്മിക്കുന്ന 20 വാട്ട്സിന്റെ സി.എഫ്.എൽ ബൾബുകൾ 160 രൂപയ്ക്കും 15 വാട്ട്സിന്റേത് 110 രൂപയ്ക്കും ഒരു വർഷ ഗ്യാരണ്ടിയോടു കൂടി ലഭ്യമാക്കും.

## ഗ്രാമീണ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതി

വരുമാന സംരംഭ പ്രോത്സാഹന പ്രവർത്തനങ്ങളുടെ ഭാഗമായി സിംഗർ കമ്പനിയുടെ മെറിറ്റ് തയ്യൽ മെഷീനുകൾ 5000 രൂപയ്ക്ക് ലഭ്യമാക്കും. താല്പര്യമുള്ളവർ 2500 രൂപ അടച്ച് ഫെബ്രുവരി 28 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബാക്കി തുകയായ 2500 രൂപ മെഷീൻ ലഭിച്ച് പതിനഞ്ച് ദിവസത്തിനകം നൽകേണ്ടതാണ്.

## നവോമി ജനകീയ ആടുവളർത്തൽ പദ്ധതി – രണ്ടാം ഘട്ടം

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നവോമി ഗ്രൂപ്പംഗങ്ങൾക്കായി നടപ്പിലാക്കിയ ജനകീയ ആടുവളർത്തൽ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ പദ്ധതി പ്രയോജനപ്പെടുത്തിയ 79 കുടുംബങ്ങൾ 2014 ലെ കാർഷികമേളയോടനുബന്ധിച്ച് ഓരോ ആട്ടിൻകുഞ്ഞിനെ വീതം കെ.എസ്.എസ്.എസിന് ലഭ്യമാക്കി. പ്രസ്തുത ആടുകളുടെ വിപണനത്തിലൂടെ ലഭിച്ച തുകയും പദ്ധതി നടത്തിപ്പിനായുള്ള കെ.എസ്.എസ്.എസ് വിഹിതവും ഒരുമിച്ചു ചേർത്താണ് പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്. പദ്ധതിയിൽ പങ്കാളികളാകുന്നവർക്ക് 1500 രൂപ സബ്സിഡിയായി നൽകും. മുൻവർഷത്തിൽ പദ്ധതിയിൽ അംഗങ്ങളായവർക്ക് പദ്ധതി വിപുലീകരിക്കാനും അവസരമുണ്ടായിരിക്കും.

## മുയൽ വളർത്തൽ പദ്ധതി – രണ്ടാം ഘട്ടം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കിയ മുയൽ വളർത്തൽ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നു. വരുമാന സംരംഭങ്ങളിലൂടെ ഭിന്നശേഷിയുള്ളവരുടെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 30 കുടുംബങ്ങൾക്ക് 120 മുയലുകളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ലഭ്യമാക്കിയത്. പദ്ധതിയിൽ പങ്കാളികളാകുന്നവർക്ക് 600 രൂപ സബ്സിഡിയായി നൽകും. രണ്ടാം ഘട്ടം നടപ്പിലാക്കുമ്പോൾ നിലവിൽ പദ്ധതി അംഗങ്ങളായുള്ളവർക്ക് യൂണിറ്റ് വിപുലീകരിക്കാനും അവസരമുണ്ടായിരിക്കും.

# പരിശീലനങ്ങൾ

## നേതൃത്വപരിശീലനം സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ പുരുഷ സ്വാശ്രയസംഘങ്ങളിലെ ഭാരവാഹികൾക്കായി നേതൃത്വപരിശീലനം സംഘടിപ്പിക്കുന്നു. ഹരിതവേദി, സൗഹൃദവേദി, നാളീകേര ഉല്പാദകസംഘങ്ങൾ തുടങ്ങി കെ.എസ്.എസ്.എസ് തുടക്കം കുറിച്ച പുരുഷ സ്വാശ്രയസംഘങ്ങളിലെ രണ്ട് ഭാരവാഹികൾ വീതം ഫെബ്രുവരി 21

ശനിയാഴ്ച രാവിലെ 10.30 മുതൽ നടത്തപ്പെടുന്ന നേതൃത്വ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. തുടർന്ന് നേതൃത്വപരിശീലനം, സ്വാശ്രയ സംഘപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, ഭാവിപ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവ നടത്തപ്പെടും.

## തെങ്ങുകയറ്റ പരിശീലനം സംഘടിപ്പിക്കുന്നു

നാളീകേര വികസന ബോർഡും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിയുടെ ഭാഗമായി തെങ്ങ് കയറ്റ പരിശീലനം സംഘടിപ്പിക്കുന്നു. ഏഴാം ക്ലാസ്സുവരെ പഠനം പൂർത്തിയാക്കിയ 18 നും 45 നും ഇടയിൽ പ്രായമുള്ള പുരുഷൻമാർക്കും സ്ത്രീകൾക്കും പരിശീലനത്തിൽ പങ്കെടുക്കാം. തുടർന്ന് തെങ്ങ് കയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സൗജന്യമായി തെങ്ങ് കയറ്റ മെഷീനും കൂടാതെ രണ്ട് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കും. പദ്ധതിയിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്നവർ 8281937681 നമ്പരിൽ ബന്ധപ്പെടുക.

## തേനീച്ച - കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് രൂപീകരിച്ചിരിക്കുന്ന ഫാം ക്ലബ്ബിലെ അംഗങ്ങൾക്കായി തേനീച്ച കൂൺകൃഷി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 14 ശനിയാഴ്ച തേനീച്ച വളർത്തൽ പരിശീലനവും ഫെബ്രുവരി 28 ശനിയാഴ്ച കൂൺ കൃഷി പരിശീലനവും രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെയാണ് സംഘടിപ്പിക്കുന്നത്.

## ബ്യൂട്ടീഷ്യൻ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ 15 ദിവസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ഫെബ്രുവരി 5 വ്യാഴാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹി

ക്കുന്നവർ അനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ആഭരണ നിർമ്മാണ പരിശീലനം

ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് ആഭരണ നിർമ്മാണം എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## തയ്യൽ പരിശീലനം

ഫെബ്രുവരി 9-ാം തീയതി തിങ്കളാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. ചുരിദാർ, നൈറ്റി, സാരി ബ്ലൗസ്, ഷർട്ട്, പാന്റ്സ് തുടങ്ങി ഇനങ്ങളിലാണ് പരിശീലനം. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9544058840 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സൗജന്യ തൊഴിൽ പരിശീലനങ്ങൾ

സ്വാശ്രയസംഘാംഗങ്ങളെ വിവിധ തൊഴിൽ പരിശീലനങ്ങളിലൂടെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വിവിധ ഏകദിന തൊഴിൽ പരിശീലനങ്ങൾ സൗജന്യമായി സംഘടിപ്പിക്കുന്നു. ഫെബ്രുവരി 24-ാം തീയതി ചൊവ്വാഴ്ച തെള്ളകം ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ഗ്രാമങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനത്തിന് അവസരം ലഭിക്കുക.

## വരുമാന സംരംഭകത്വ തുടർ പരിശീലനം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ജനുവരി 6 ന് ചൈതന്യയിൽ നടത്തിയ ആഭരണം, പാചകം, ഫ്ളവർ അറേഞ്ച്മെന്റ്, സ്ക്രീൻ പ്രിന്റിംഗ് തുടങ്ങിയ പരിശീലനങ്ങളുടെ തുടർച്ചയായി

ഫെബ്രുവരി 26 വ്യാഴാഴ്ച രാവിലെ 10.30 മുതൽ 3.30 വരെ ചൈതന്യയിൽ തുടർ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 75 രൂപ രജിസ്ട്രേഷൻ ഫീസടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.പ

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

സ്വാശ്രയസംഘാംഗങ്ങളിൽ ബദൽ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## കെ.എസ്.എസ്.എസ് മണ്ണ് സംരക്ഷണ വർഷാചരണം ഉദ്ഘാടനം ചെയ്തു

മണ്ണ് വർഷാചരണ കർമ്മ പരിപാടികളുടെ കേന്ദ്രതല ഉദ്ഘാടനം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സുരേഷ് കുറുപ്പ് എം.എൽ.എ നിർവ്വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെയ്ച്ചൽ ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ ജോർജ്ജ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, സ്വാശ്രയ സംഘ പ്രതിനിധി ബിജു മാധവൻ, പ്രോഗ്രാം ഓഫീസർമാരായ സിസ്റ്റർ എൽസിയ എസ്.ജെ.സി, ബെൻ മാത്യു എന്നിവർ പ്രസംഗിച്ചു.

ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ നടത്തുന്ന മണ്ണ് സംരക്ഷണ പരിപാടികളുടെ ഭാഗമായി മണ്ണ് കയ്യാല നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, മഴക്കുഴികളുടെ നിർമ്മാണം, ജൈവ വേലികൾ, തീറ്റപ്പുൽ കൃഷി, വൃക്ഷതൈകളുടെയും ഫലഔഷധ ചെടികളുടെയും വ്യാപനം, മണ്ണിരവള നിർമ്മാണം, ജൈ വ കൃഷി പ്രോത്സാഹനം, സംഘകൃഷി പ്രോൽസാഹനം, വിത്ത് ബാ

ങ്കുകളുടെ രൂപീകരണം, മാതൃക കൃഷി തോട്ടങ്ങളുടെ രൂപീകരണം, മണ്ണ്-ജല-പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, ഒരു നെല്ലും ഒരു മീനും പദ്ധതി, കണ്ടൽ കാടുകളുടെ വ്യാപനം, കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണം, അടുക്കള തോട്ടങ്ങളുടെ വ്യാപനം തുടങ്ങിയവ നടപ്പിലാക്കും.

## അന്ധ ബധിര പുനരധിവാസ പദ്ധതി

കെ.എസ്.എസ്.എസിന്റെ സി.ബി.ആർ പ്രവർത്തനങ്ങളോടനുബന്ധിച്ച് അന്ധ ബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സെൻസ് ഇന്റർ നാഷണൽ ഇൻഡ്യയിൽ നിന്ന് അർച്ചന ജോഷി ജനുവരി 20, 21, 22 തീയതികളിൽ അന്ധ ബധിര വൈകല്യമുള്ളവരുടെ സംസ്ഥാനതല പഠനകേന്ദ്രമായ കെ.എസ്.എസ്.എസ് സമരിറ്റൻ റിസോഴ്സ് സെന്ററിലെ കുട്ടികളുടെ ട്രെയിനിംഗ് വിലയിരുത്തുകയും കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും സ്റ്റാഫിന് പരിശീലനം നൽകുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## അന്ധ ബധിര പദ്ധതി- രക്ഷാകർത്തൃ സംഗമം സംഘടിപ്പിച്ചു

അന്ധ-ബധിര പദ്ധതിയിലെ അംഗങ്ങളായ കുട്ടികളുടെ രക്ഷിതാക്കളുടെ സംഗമം ജനുവരി 29 ന് സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കെ.എസ്.എസ്.എസ് സ്റ്റാഫ് അംഗങ്ങൾ, രക്ഷാകർത്താക്കൾ എന്നിവർ പങ്കെടുത്തു. സംഗമത്തോടനുബന്ധിച്ച് സമരിറ്റൻ റിസോഴ്സ് സെന്ററിൽ നടപ്പാക്കുന്ന പുതിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## മുട്ടക്കോഴി വിതരണം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ മേഖലയിൽ നടപ്പിലാക്കുന്ന കോഴിവളർത്തൽ പദ്ധതിയുടെ ഭാഗമായുള്ള മുട്ടകോഴി വിതരണ ഉദ്ഘാടനം പയ്യാവൂരിൽ സെന്റ് ആൻസ് പള്ളി വികാരി റവ. ഫാ. തോമസ് കൊച്ചുപുത്തൻപുര നിർവ്വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. പദ്ധതി പ്രകാരം മലബാർ മേഖലയിൽ 5 മുട്ടക്കോഴികൾ അടങ്ങുന്ന 1200 കോഴിവളർത്തൽ യൂണിറ്റുകളാണ് ആരംഭിച്ചിരിക്കുന്നത്.

## ഏകദിന സെമിനാർ

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രതൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി അസംഘടിതരായ വനിതകൾക്കു വേണ്ടി ഏകദിന ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. കണ്ടകശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് പാരിഷ് ഹാളിൽ നടത്തിയ സെമിനാർ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മേഖലാ ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി ജിനി ജോസ് ഉദ്ഘാടനം ചെയ്തു. അഡ്വ. രേഖ അഭിലാഷ് സ്ത്രീകളും മനുഷ്യാവകാശവും എന്ന വിഷയത്തെക്കുറിച്ചും ജസ്റ്റിൻ ലൂക്കോസ് MSW സ്വാശ്രയസംഘ നേതൃത്വപാടവം എന്ന വിഷയത്തെക്കുറിച്ചും നിഷ കെ. വി. MSW ആരോഗ്യവും തൊഴിലും എന്ന വിഷയത്തിലും ക്ലാസുകൾ എടുത്തു. മാസ് മേഖലാ കോർഡിനേറ്റർ ബിന്ദു ജോയ്, ആനിമേറ്റർ ആലീസ് ജെയിംസ്, ഫെഡറേഷൻ നേതാക്കൾ എന്നിവർ നേതൃത്വം നൽകി.

## ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

ജില്ലാ ഭരണകൂടം, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ മാസ്സ് കണ്ണൂർ, കാസർഗോഡ് മേഖലകളിൽ ക്ഷയരോഗനിർമാർജ്ജന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പു തൊഴിലാളികൾ, കർഷക സംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടി

സ്ഥാന വിവരശേഖരണം, കൗൺസിലിംഗ് എന്നിവ നടത്തുന്നു. രോഗലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## മകളറിയാൻ പദ്ധതി ആരംഭിച്ചു

മാസ്സ് രാജപുരം മേഖലയിൽ മകളറിയാൻ പദ്ധതിയുടെ മേഖലാതല ഉദ്ഘാടനവും ഏകദിന സെമിനാറും സംഘടിപ്പിച്ചു. മലബാർ മേഖലയിലെ കൗമാരപ്രായത്തിലുള്ള മുഴുവൻ പെൺകുട്ടികളേയും ശാരീരികവും മാനസികവുമായ വളർച്ചയിൽ അവരെ സഹായിക്കുന്നതിനും ഇന്നത്തെ കാലത്ത് അവർ സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ എങ്ങനെ തരണം ചെയ്യണം എന്നതിനെയും ആസ്പദമാക്കിയാണ് സെമിനാർ സംഘടിപ്പിച്ചത്. രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിൽ വച്ചു നടന്ന ഏകദിന ബോധവൽക്കരണ പരിപാടിയിൽ മേഖലയിലെ 150ഓളം പെൺകുട്ടികൾ പങ്കെടുത്തു.

പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിൽവച്ച് ഫൊറോനാ വികാരി ഫാ. ഷാജി വടക്കേതൊട്ടിയിൽ നിർവ്വഹിച്ചു. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സന്തോഷ് കനകമൊട്ട ചടങ്ങിൽ അദ്ധ്യക്ഷൻ ആയിരുന്നു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു.പി., സെന്റ് ജോസഫ് കോൺഗ്രിഗേഷൻ റീജിയണൽ സുപ്പീരിയർ സി. ട്രീസാ മരിയ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ഏകദിന സെമിനാർ സി. ലിന്റ എസ്.ജെ.സി, സി. ജൂബി എസ്.ജെ.സി, സി. പ്രിയ എസ്.ജെ.സി എന്നിവർ നയിച്ചു. മാസ്സ് പ്രോജക്ട് ഓഫീസർ വിപിൻ ജോസഫ്, കോർഡിനേറ്റർ ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി.

## ആദിവാസികൾക്ക് കുട്ടനിർമ്മാണ പരിശീലനം നൽകി

മാസ്സ് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി രാജപുരം മേഖലയിൽ തെരഞ്ഞെടുക്കപ്പെട്ട 30 ആദിവാസികൾക്ക് മുള ഉപയോഗിച്ചുള്ള കുട്ട നിർമ്മാണത്തിൽ പരിശാലനം നൽകി. മൂന്നു ദിവസം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ കണ്ണൻ എം., പാല ആർ എന്നിവരാണ് പരിശീലനം നൽകിയത്. പരിശീലന പരിപാടികൾക്ക് മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം യു. പി., പ്രോജക്ട് കോർഡിനേറ്റർ ലാലി സണ്ണി എന്നിവർ നേതൃത്വം നൽകി.

## ശ്മശാന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

മാസ്സ് സഹായസംഘടനയായി കതിരൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായുള്ള ശ്മശാന നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പവിത്രൻ കെ. വി. ഉദ്ഘാടനം ചെയ്തു. മാസ്സ് ജലനിധി ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി

മാസ്സ് കേന്ദ്ര നാളികേര വികസന മന്ത്രാലയത്തിന്റെ സഹകരണത്തോടു ചേർന്ന് നടപ്പിലാക്കുന്ന തെങ്ങുകയറ്റ പരിശീലനത്തിന്റെ ഭാഗമായി 3 ബാച്ചുകളിലായി പെരിങ്ങാലയിൽ വെച്ച് 60 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്ക് മാസ്സ് ഡയറക്ടർ തെങ്ങുകയറ്റ മിഷ്യൻ സൗജന്യമായി വിതരണം ചെയ്തു. പെരിങ്ങാല പള്ളി വികാരി ഫാ. അനീഷ് കളപ്പുരയ്ക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പരിശീലന പരിപാടികൾക്ക് ബാബു പി.എം., ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## ന്യൂനപക്ഷ ക്ഷേമപദ്ധതി

മാസ്സ് ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ സഹായത്തോടെ മടമ്പം മേഖലയിലെ വിവിധ ഇടവകകളിൽ ആറു ദിവസം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന പരിപാടിയും, സോഫ്റ്റ് സ്കിൽ പരിശീലനവും 1 GP പരിശീലനവും സംഘടിപ്പിച്ചു. പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിൽവച്ച് നടന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. പയ്യാവൂർ സെന്റ് ആൻസ് പള്ളി വികാരി ഫാ. തോമസ് കൊച്ചുപുത്തൻപുരയിൽ, മാസ്സ് പ്രോജക്ട് ഓഫീസർ സെബാസ്റ്റ്യൻ കെ. വി., മേഖലാ കോർഡിനേറ്റർ ബിന്ദു ജോയി എന്നിവർ പ്രസംഗിച്ചു. അലക്സ് നഗർ പാരിഷ് ഹാളിൽ വച്ച് നടന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഫാ. സ്റ്റീഫൻ കൊളകാട്ടുകുഴി നിർവ്വഹിച്ചു. രണ്ടു ബാച്ചുകളിലായി 50 വനിതകൾ പരിശീലനം നേടി.

## ട്രൈബൽ വനിതകൾക്ക് തെങ്ങു കയറ്റ പരിശീലനം നൽകി

മാസ്സ് ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ (NABARD) സഹായത്തോടുകൂടി പയ്യാവൂർ ഗ്രാമപഞ്ചായത്തിലുള്ള 20 ട്രൈബൽ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി തെങ്ങു തയറ്റ പരിശീലനം നൽകി. പരിപാടി പയ്യാവൂരിൽ വച്ച് സെന്റ് ആൻസ് പള്ളി വികാരി റവ. ഫാ. തോമസ് കൊച്ചുപുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പരിശീലനം നേടിയവർക്കുള്ള തെങ്ങുകയറ്റ മിഷ്യൻ മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ സൗജന്യമായി വിതരണം ചെയ്തു. മാസ്റ്റർ ട്രെയ്നർ ജെസ്റ്റിൻ മാത്യു, മാസ്സ് പ്രോജക്ട് ഓഫീസർ സെബാസ്റ്റ്യൻ കെ.വി., സോഷ്യൽ വർക്കർ നിഷ കെ, മാസ്സ് പ്രോഗ്രാം കോർഡിനേറ്റർ ബിന്ദു ജോയി എന്നിവർ നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2015**

5-9 കാക്കനാട് നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

10 ചൈതന്യയിൽ കെ.സി.വൈ.എൽ.ന്റെ ആഭിമുഖ്യത്തിൽ നടന്ന സിവിൽ സർവ്വീസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

11 കടുത്തുരുത്തിയിൽ നടന്ന ബി.സി.എം. ഫുട്ബോൾ ടൂർണമെന്റിന്റെ സമാപനത്തോടനുബന്ധിച്ച് വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

\- കല്ലറ പുത്തൻപള്ളി ഇടവകാംഗമായ റവ. ഫാ. അലക്സ് വിരുത്തക്കുളങ്ങരയുടെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു.

12 സി.എസ്.ടി. ഓറസ്റ്റ് ഭവനിൽ കാർഡിനൽ ജുസെപ്പെ വെർസാൾഡിക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

13 പിറവത്ത് നടന്ന ബൈബിൾ കൺവൻഷനിൽ പങ്കെടുത്തു.

15 കത്തീഡ്രൽ പള്ളിയിൽ നവവൈദികരുമൊത്ത് വി. ബലിയർപ്പിക്കുകയും നവവൈദികർക്ക് പുതിയ നിയമനങ്ങൾ നൽകുകയും ചെയ്തു.

- പടമുഖത്തുള്ള സ്നേഹമന്ദിരത്തിന്റെ വാർഷികാഘോഷത്തിൽ സംബന്ധിച്ചു.

16 ബി.സി.എം. ൽ നടന്ന സംസ്കാര അവാർഡ് സമർപ്പണ ചടങ്ങിൽ സംബന്ധിച്ചു.

- റാന്നി കാത്തലിക് കൺവെൻഷനിൽ സംബന്ധിച്ച് സന്ദേശം നൽകി.

17 കോളേജുകളിൽ പുതുതായി നിയമിക്കപ്പെട്ട അദ്ധ്യാപകരുമൊത്ത് മെത്രാസനമന്ദിരത്തിൽ കൂടിക്കാഴ്ച നടത്തി.

18 കത്തീഡ്രൽ പള്ളിയിൽ നടന്ന സഭൈക്യവാര ഉദ്ഘാടനത്തോടനുബന്ധിച്ച് ആമുഖ സന്ദേശം നൽകി.

20 ചൈതന്യയിൽ കൂടിയ ക്നാനായ ബിസിനസ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

- മെത്രാസന മന്ദിരത്തിൽ കൂടിയ ഫിനാൻഷ്യൽ അഡ്വൈസറി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

22 കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു.

23 കുവൈറ്റിൽ ക്നാനായ കുടുംബയോഗ വാർഷികം ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

26 ദൈവദാസൻ മാക്കീൽ പിതാവിന്റെ 101-ാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് ഇടയ്ക്കാട്ട് ഫൊറോന പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

27 കടുത്തുരുത്തി വലിയപള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ പുറത്തു നമസ്കാരത്തിൽ കാർമ്മികത്വം വഹിച്ചു.

28 എസ്.എച്ച്. മൗണ്ട് എം.എസ്.പി. സെമിനാരിയിൽ കൂടിയ എം.എസ്.പി. ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

29 കോട്ടയം സെന്റ് ആൻസ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ സംബന്ധിച്ചു.

- കോട്ടയം ലൂർദ്ദ് ഇടവകയിലെ ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു.

30 ചൈതന്യയിൽ കൂടിയ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

31 പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ ബ്ര. തോമസ് തറയിലിനും, ബ്ര. ജോസഫ് വാളംപറമ്പിലിനും ഡീക്കൻ പട്ടം നൽകി.

- തോട്ടറ ഇടവകയിൽ വി.ബലിയർപ്പിക്കുകയും ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**ഫെബ്രുവരി 2015**

1 കള്ളാറിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു.

- രാജപുരത്ത് പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിച്ചു.

- രാജപുരം ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു.

2 രാജപുരത്ത് മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

5 പുതുവേലിയിൽ നവീകരിച്ച ദേവാലയം കൂദാശ ചെയ്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**February 2015**

6 Nilackal trust meeting at Thiruvalla

7 First Holy Communion at Areekkara

- Candidates of all congregation meet at Carlos Dayara, SH Mount.

- Home day celebrations at Caritas Hospital

8 Holy Qurbana at Mutholy

10,11 Regional Bishops' retreat at Vijayapuram
12 KCWA meeting at Chaithanya
13 KCM Bible convention at Nagampadam
14 Sent Off to retiring teachers at Chaithanya
- Conclusion of the Silver Jubilee celebrations of St. Mary's Church, Chettukulam
16 Ash Monday at Christ the King Cathedral
17 Pastoral council and Presbyteral council at Chaithanya
20 Graduation and college day of Caritas College of Nursing at Caritas
22 Conclusion of the Silver Jubilee celebrations of St. Pius X Catholic church, Thiruvananthapuram
24 Blessing of the new building at Peermade
28 - March 1 Pastoral visit at Kumarakom

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2014**

5-9 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.
11 എറണാകുളം - അങ്കമാലി അതിരൂപതയിലെ വൈക്കം സെന്റ് ജോസഫ് ഫൊറോനാ പള്ളിയിലെ 40 മണി ആരാധനാ സമാപനത്തിൽ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.
17 ലാസലെറ്റ് സഭാംഗമായ ഡീക്കൻ റിജോ മുട്ടത്തിന് തേറ്റമല പള്ളിയിൽ വച്ച് പുരോഹിതപട്ടം നൽകി.
- കോഴിക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

18 ദൈവദാസൻ മാക്കീൽ പിതാവിന്റെ 101-ാം ചരമവാർഷിക ത്തോടനുബന്ധിച്ച് ഇടയ്ക്കാട്ട് പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

\- ആർച്ച് ബിഷപ്പ് ഹൗസിൽ കൂടിയ ഫിനാൻഷ്യൽ അഡ്വൈ സറി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

20 കണ്ണൂർ ശ്രീപുരത്തു നിന്നും ആരംഭിച്ച റൺ കേരള റൺ പരിപാടി ഫ്‌ളാഗ് ഓഫ് ചെയ്തു.

22 പയ്യാവൂർ, കണ്ടകശ്ശേരി പള്ളിയിൽ വി. കുർബാന അർപ്പി ക്കുകയും സാംസ്കാരിക സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

23 കണ്ണൂർ ശ്രീപുരം സ്കൂളിന്റെ വാർഷിക ആഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ചു.

24 കണ്ണൂർ തോട്ടട സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

25 പിലാത്തറ ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

\- മലബാർ റീജിയൺ കെ.സി.വൈ.എൽ. സെനറ്റ് മീറ്റിംഗിൽ പങ്കെടുത്തു.

28 കൊട്ടോടി സെന്റ് ആൻസ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

29 രാജപുരം ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

31 പുനർനിർമ്മിച്ച കാന്തളം പള്ളിയുടെ വെഞ്ചരിപ്പ് കർമ്മം നടത്തി.

**2015 ഫെബ്രുവരി 2**

രാജപുരത്തുവച്ച് നടത്തിയ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ഉദ്ഘാടന ചടങ്ങുകളിൽ സംബന്ധിച്ചു.

# Engagements

## Mar Joseph Pandarasseril

**February 2015**

5 Holy Qurbana at Chalil Bible Convention.

6 Annual day at St. Theresa's School, Barnassery.

7 Home day celebrations at Caritas Hospital.

8 Holy Qurbana at S.H. Mount.

- Holy Qurbana at Thengely.

14 Annual day at Sreepuram E.M. Nursery, Kannur.

15 Holy Qurbana and Knanaya Sangamom at Mangalore.

17 Presbyteral and Pastoral council at Chaithanya.

19 Governing body meeting with NAAC peer team at Uzhavoor College.

21 Malabar region KCC meeting at Barmariam, Kannur.

- Annual day of Pratheeksha Bhavan, Kannur

26 - March 1 Pastoral visit at Puthussery.

# വചനദർശനം

## ദനഹ അഞ്ചാം ഞായർ

**ഫെബ്രുവരി 8** **ഏശയ്യ 48:12-20, ഹെബ്രാ 6:9-15, യോഹ 3:14-21**

"ദൈവരാജ്യം കാണുക" 'ദൈവരാജ്യത്തിൽ പ്രവേശിക്കുക' എന്നതാണ് വിശ്വാസജീവിതം എന്ന് ഈശോ നിക്കോദേമോസിനോട് പറയുന്ന സംഭവവും തുടർന്നു വരുന്ന ഈശോയുടെ സംഭാഷണവുമാണ് ഇന്നു നാം ധ്യാനിക്കുന്ന സുവിശേഷ ഭാഗം. ദൈവപിതാവിന് മനുഷ്യരോടുള്ള

അഗാധമായ സ്നേഹത്തിന്റെ പ്രകടനം തന്റെ പുത്രനിലൂടെ നിറവേറ്റുകയാണ്. മനുഷ്യമനസ്സുകൾ ശരിക്കും ഹൃദയത്തിൽ ഉൾക്കൊള്ളേണ്ട ദൈവരാജ്യത്തിന്റെ വലിയ രഹസ്യം.

ഏശയ്യ പ്രവാചകനിലൂടെ ചരിത്രത്തെ നയിക്കുന്നവന്റെ മഹത്വം നാം ആദ്യവായനയിൽ ശ്രവിക്കുന്നു. “നിനക്ക് നന്മയായുള്ളത് പഠിപ്പിക്കുകയും നീ പോകേണ്ട വഴിയിലൂടെ നിന്നെ നയിക്കുകയും ചെയ്യുന്ന നിന്റെ ദൈവമായ കർത്താവ് ഞാനാണ്” (ഏശ 48:17). വചനം വീണ്ടും പഠിപ്പിക്കുന്നു. “കർത്താവ് തന്റെ ദാസനായ യാക്കോബിനെ രക്ഷിച്ചുവെന്നു ഭൂമിയുടെ അതിർത്തികൾവരെയും വിളിച്ചറിയിക്കുക” (ഏശ 48:20). അങ്ങനെയെങ്കിൽ പ്രവചനങ്ങളിലൂടെയെല്ലാം പൂർത്തീകരണമായ നന്മ പഠിപ്പിക്കുകയും നന്മയിലൂടെ നയിക്കുകയും ചെയ്യുന്ന ഈശോ മിശിഹായാണ് തന്റെ ജനമായ ഇസ്രായേലിനെ (യാക്കോബിനെ) രക്ഷിക്കുന്നത്. അത് സാധ്യമായത് പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ നിന്നു ഭൂമിയിൽ ഇറങ്ങിവന്ന മിശിഹായുടെ പീഢാസഹനങ്ങളും കുരിശുമരണവും ഉത്ഥാനവുമാണ്. വചനം പഠിപ്പിക്കുന്നു “ഞാൻ വന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്”. (യോഹ 10:10). നമുക്ക് ജീവൻ നൽകാൻ ഈശോയ്ക്ക് ജീവൻ വെടിയേണ്ടിവന്നു. കാരണം പിതാവ് അത്രമാത്രം ഈ ലോകത്തെ സ്നേഹിച്ചു.

എന്താണ് ഈ വചനങ്ങൾ നമുക്ക് മുമ്പിൽവയ്ക്കുന്ന വെല്ലുവിളികൾ. പ്രകാശമായ ഈശോ ലോകത്തിലേക്കു വന്നിട്ടും പ്രകാശത്തേക്കാൾ അധികമായി ഞാൻ ലോകത്തെയാണോ സ്നേഹിക്കുന്നതെന്ന് ചിന്തിക്കാം. ലോകവസ്തുക്കളാലോ ലോകത്തിന്റെ ആഭിമുഖ്യങ്ങളാലോ ഭരിക്കപ്പെടാതെ ദൈവത്താൽ ഭരിക്കപ്പെടുന്ന ഒരു ജീവിതം നാം ആഗ്രഹിക്കാറുണ്ടോ? പിതാവായ ദൈവത്തിന് പൂർണ്ണമായും സമർപ്പിച്ച ഈശോയുടെ പ്രവർത്തനങ്ങൾ ദൈവരാജ്യത്തിന്റെ മഹത്വമായിരുന്നെങ്കിൽ, ഈശോയുടേതുപോലുള്ള ഒരു സമർപ്പണവും എന്റെ ഭാഗത്തുനിന്നും ഉണ്ടോ? അങ്ങനെയായിരുന്നതുകൊണ്ടാണ് ദൈവം എല്ലാവരുടെയും രക്ഷക്കായി ഈശോയെ ഉയർത്തിയത്.

നമ്മിലെ നിരന്തരമായ മാനസാന്തരം വിശ്വാസത്തിന്റെ ആരംഭമാണ്. മാനസാന്തരമില്ലാതെ വിശ്വാസമില്ല.അപ്രകാരമൊരു മതപരിവർത്തനം മൂലമാണ് നിക്കദേമോസ് ഈശോയുടെ പക്കൽ എത്തിച്ചേരുന്നത്.

നമ്മുടെ വ്യക്തിജീവിതത്തിലും, കുടുംബ ജീവിതത്തിലും, സമൂഹ ജീവിതത്തിലും ചില പൊള്ളുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോഴും നമ്മുടെ വിശ്വാസത്തിൽ ഉലയാതെ പിടിച്ചു നിൽക്കാൻ നമുക്കാവുമോ എന്നു കൂടി വിചിന്തനം നടത്താം. "ജനനത്തിൽ മുൻകൈയെടുക്കുന്നത് ജനിക്കുന്നവനല്ല ജനിപ്പിക്കുന്നവനാണ്. അതുകൊണ്ട് വിശ്വാസം മനുഷ്യന്റെ നേട്ടമല്ല. ദൈവത്തിന്റെദാനമാണ്." പിതാവായ ദൈവമണ് നമ്മെ വിശ്വാസത്തിലേക്കു ജനിപ്പിക്കുന്നതും വിശ്വാസത്തിൽ വളർത്തുന്നതും. അതുകൊണ്ട് ദൈവത്തിന്റെ ഈ പ്രവർത്തനത്തിലുള്ള നമ്മുടെ പ്രത്യുത്തരമാണ് നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്ന അടിയുറച്ച ദൈവ വിശ്വാസം.

നമ്മുടെ രക്ഷക്കായി ഉയർത്തപ്പെട്ട മിശിഹായേയും പരിശുദ്ധ ത്രിത്വൈക കൂട്ടായ്മയേയും സഭാത്മകമായ ജീവിതത്തിലൂടെയും കുടുംബ പ്രാർത്ഥനകളിലൂടെയും കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യത്തിലൂടെയും വരും തലമുറകൾക്ക് പകർന്നു കൊടുക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ലേഖനഭാഗത്ത് വചനം നമ്മെ ഓർമിപ്പിച്ചതുപോലെ നമുക്കും നിരുത്സാഹകരാകാതെ വിശ്വാസവും ദീർഘക്ഷമയും വഴി വാഗ്ദാനത്തിന്റെ അവകാശികളെ അനുകരിക്കുന്നവരാകാം" (ഹെബ്രാ 6:12).

## നോമ്പ് ഒന്നാം ഞായർ

**ഫെബ്രുവരി 15** **ഏശയ്യ 58:1-10, എഫേ 4:17-24, മത്തായി 4:1-11**

നല്ല ശീലങ്ങളിലേക്കുള്ള ഒരു തിരിച്ചു നടപ്പിനായി വീണ്ടും ഒരു നോമ്പു കാലം വരുകയായി. നാളെ കുരുത്തോല കത്തിച്ച് ചാരം നെറ്റിയിൽ പൂശിക്കൊണ്ട് നമ്മൾ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. ഈശോയുടെ മരുഭൂമിയിലെ ഉപവാസത്തിൽ പങ്കുചേരാൻ ക്രൈസ്തവ ലോകം മുഴുവൻ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ഉപവാസത്തിന്റെയും വിശുദ്ധിയിലേക്ക് പ്രവേശിക്കുകയാണ്. ഈശോ 40 ദിനരാത്രങ്ങൾ ഉപവസിച്ചു. 40 വർഷക്കാലംമരുഭൂമിയിൽ ത്യാഗജീവിതം നയിച്ച ഇസ്രായേലും, ദൈവഹിതം വെളിപ്പെടുത്തുന്ന കൽപ്പനകൾ സ്വീകരിക്കാൻ സീനായ് മലയിലേയ്ക്ക് മോശ കയറിയപ്പോൾ നാല്പത് രാവും പകലും ഇസ്രാ

യേൽ ഉപവസിച്ചതും ഈശോയുടെ ഉപവാസത്തിനുള്ള രക്ഷാകര ചരിത്രത്തിലെ ബന്ധമാണ് സൂചിപ്പിക്കുന്നത്.

ഉപവസിക്കുകയെന്നാൽ ചാരെ വസിക്കുക എന്നാണ് അർത്ഥം. ഈ വാസം ദൈവത്തോടൊപ്പമാകണം. ആത്മാവിനാൽ നയിക്കപ്പെട്ട ഈശോ ഭൗതികലോകം തരുന്ന സൗഭാഗ്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് തന്റെ പിതാവിനൊപ്പമായിരുന്നു. ഇതു നൽകുന്ന സൂചനയും മറ്റൊന്നുമല്ല, ഈശോയെ അനുഗമിക്കുന്ന നമ്മളും അവന്റെ ചാരെ വസിച്ച് പിശാചിനെതിരെ വിജയം നേടണമെന്നതാണ്.

ഏശയ്യ പ്രവാചകൻ എന്താണ് യഥാർത്ഥ ഉപവാസം എന്നു ആദ്യ വായനയിൽ നമുക്കു പറഞ്ഞുതരുന്നു. ഏശയ്യ 58-ാം അദ്ധ്യായം നമ്മോട് ചോദിക്കുന്നു - "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം"? ഈശോ നമ്മിൽ നിന്നു ആവശ്യപ്പെടുന്നതും പാപത്തിന്റെ കെട്ടുകളിൽ നിന്നും നുകത്തിൽ നിന്നുമുള്ള ഒരു മോചനമാണ്. ഭക്ഷണം വർജിക്കുന്നത് നമ്മെ കുറേക്കൂടി എളിമപ്പെടുത്തുന്നതിന് സഹായിക്കുന്നു, എന്നാൽ ഭക്ഷണവർജനം മാത്രമല്ല ഉപവാസവും നോമ്പാചരണവും.

ക്രിസ്തുവിൽ നവജീവിതം ആരംഭിക്കാൻ പൗലോസ് ശ്ലീഹാ ലേഖനഭാഗത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു. ശ്ലീഹാ ഉതിർക്കുന്ന ചോദ്യം നമുക്ക് ഇന്ന് നമ്മോട് ചോദിക്കാം. ഞാൻ ഇപ്പോൾ നയിക്കുന്ന ജീവിതമാണോ "ഈശോ എന്നെ പഠിപ്പിച്ചത്"? ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റാൻ (എഫേ. 4:20,22) ഈ നോമ്പുകാലത്തു സാധിക്കട്ടെ.

ഈശോ നേരിട്ട ആദ്യത്തെ പ്രലോഭനം കല്ലുകളെ അപ്പമാക്കാനായിരുന്നു. അവിടെ പ്രലോഭകന് ഈശോ നിയമാവർത്തന പുസ്തകം (8:3) ഉദ്ധരിച്ചുകൊണ്ടാണ് മറുപടി കൊടുത്തത്.... "അപ്പം കൊണ്ടുമാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്."മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും ദൈവമഹത്വത്തിനുവേണ്ടിയും മാത്രമാണ് ഈശോ അത്ഭുതങ്ങൾ പ്രവർത്തിച്ചതെന്ന് ഈ ഒന്നാം പ്രലോഭനം നമ്മെ ഓർമ്മിപ്പിക്കുകയാണ്.

രണ്ടാമത്തെ പ്രലോഭനത്തിൽ ദേവാലയത്തിന്റെ അഗ്രത്തിൽ നിന്നു

ചാടി ദൈവപുത്രനാണെന്നു തെളിയിക്കാനായിരുന്നു ഈശോയോട് പ്രലോഭകൻ പറയുന്നത്. ഇവിടെ പ്രലോഭകൻ സഹ്കീർത്തനം 91:11 ഉദ്ധരിച്ച് ഈശോയെ പ്രലോഭിപ്പിക്കുമ്പോൾ ഈശോ നിയമാവർത്തനം 6:16 പറഞ്ഞു ശക്തമായ മറുപടികൊടുക്കുകയാണ്. അങ്ങനെ സാത്താന്റെ രണ്ടാമത്തെ പ്രലോഭനവും ദൈവഹിതത്തോടു ചേർന്നു നിന്നുകൊണ്ട് ഈശോ പരാജയപ്പെടുത്തി.

മൂന്നാമത്തെ പ്രലോഭനത്തിൽ പ്രലോഭകനെ ആരാധിക്കാൻ ഈശോയോട് ആവശ്യപ്പെടുകയാണ്. എന്നാൽ ദരിദ്രനായി ജീവിച്ച് കുരിശിൽ ജീവനർപ്പിച്ച് എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുകയും രക്ഷനേടികൊടുക്കുകയുമാണ് തന്റെ ലക്ഷ്യം എന്ന് അറിയാമായിരുന്ന ഈശോ സാത്താനെ തന്നെ പരീക്ഷിക്കുന്നതിൽ നിന്നു വിലക്കി. ദൈവദൂതന്മാർ വന്നു അവനെ ശുശ്രൂഷിച്ചു.

ദൈവവചനത്തിന്റെ ശക്തിയാലാണ് ഈശോ തന്റെ ജീവിതത്തിലുണ്ടായ പ്രലോഭനങ്ങളെ നേരിട്ടത്. മാത്രമല്ല ഈശോ ഒരിക്കൽപോലും പിതാവിന്റെ ഹിതത്തിന് എതിരുനിൽക്കുന്നുമില്ല. ഇതാണ് ഈ നോമ്പുകാലവും നമ്മോട് ആവശ്യപ്പെടുന്നത്. ദൈവഹിതത്തിലേക്ക് തിരിച്ചുവന്ന് പാപത്തെ വെറുത്തുപേക്ഷിച്ച് വചനത്താൽ ശക്തിയുള്ളവരാകുവാൻ നമ്മൾ ചെയ്യുന്ന ചെറിയ ത്യാഗപ്രവർത്തികൾ, അതിനു സഹായിക്കട്ടെ. ഈശോയെപ്പോലെ നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പ്രലോഭനങ്ങളെ വചനമാകുന്ന വാളെടുത്ത് തകർക്കുവാൻ കഴിയട്ടെ. ബൈബിൾ പാരായണം, പാനവായിക്കൽ, കുരിശിന്റെ വഴി, മറ്റു പ്രാർത്ഥനകൾ, ത്യാഗപ്രവർത്തികൾ, വർജ്ജനങ്ങൾ, ദാനധർമ്മം എല്ലാറ്റിലും ഉപരി കുമ്പസാരമെന്ന കൂദാശയിലൂടെ പശ്ചാത്തപിച്ച് വി. കുർബ്ബാനയിൽ പങ്കുകൊണ്ട് ഈ നോമ്പുകാലം ധന്യമാക്കുവാൻ നമുക്കാവട്ടെ.

നമ്മുടെ സീറോ മലബാർ സഭയിൽ ഈ ഞായറാഴ്ച "പേത്തുർത്താ ഞായർ" എന്ന പേരിലാണറിയപ്പെടുന്നത്. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'തിരിഞ്ഞുനോക്കൽ', 'അനുരഞ്ജനം' എന്നൊക്കെയാണ്. ഈ വലിയ നോമ്പ് നമ്മിലേക്കുതന്നെയുള്ള ഒരു തിരിഞ്ഞുനോട്ടത്തിന്റെ സമയം കൂടിയാകട്ടെ.

## നോമ്പ് രണ്ടാം ഞായർ

**ഫെബ്രുവരി 22** **ജോഷ്വ 4:15-24, റോമാ 6:15-23, മത്തായി 7:21-27**

ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ച ഈശോ യഥാർത്ഥ ശിഷ്യനായിരിക്കാൻ പ്രാർത്ഥന ജീവിതബന്ധിയായിരിക്കണമെന്ന ആഹ്വാനമാണ് നമുക്ക് നൽകുന്നത്. പ്രാർത്ഥിക്കുന്നതു നമ്മുടെ പ്രവർത്തിയാക്കുവാനുള്ള ആഹ്വാനം. അപ്പോൾ നാം സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിറവേറ്റുന്നവരാകും.

ദേവാലയത്തിലും, കുടുംബ പ്രാർത്ഥനയിലും ദൈവത്തെ കർത്താവേ, കർത്താവേ എന്ന് പാടി സ്തുതിക്കയും അതിനപ്പുറം ദൈവത്തിന് ഇഷ്ടമുള്ളത് പ്രവർത്തിക്കാൻ പരിശ്രമിക്കാതിരിക്കുകയും ചെയ്യുന്നവരാണോ നാം എന്ന് ചിന്തിക്കാൻ വചനം നമ്മോടാവശ്യപ്പെടുന്നു.

'കൃപയ്ക്കു കീഴ്പ്പെട്ടവരാണെങ്കിൽ, കൃപയുടെ വഴിയേ നാം ചരിക്കാവൂ. നീതിയിലേക്ക് നയിക്കുന്ന അനുസരണത്തിന്റെ അടിമകളായതിനാൽ നീതിയേ പ്രവർത്തിക്കാവു' പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ ഇന്ന് നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങളാണ് ഇവ. അതിനാൽ പാപത്തിന് നമ്മുടെ ജീവിതത്തിൽ സ്ഥാനം ഉണ്ടാകരുത്. സുവിശേഷകൻ നമ്മെ വെല്ലുവിളിക്കുകയാണ്. നിങ്ങളുടെ പ്രാർത്ഥനയും, നിങ്ങൾ ശ്രവിക്കുന്ന വചനവും നിങ്ങൾ ജീവിച്ചുകാണിക്കുവിനെന്ന്. ഒപ്പം സ്വന്തം കഴിവിൽ അഹങ്കരിച്ച് സ്വയം വഞ്ചിതരാകാതിരിക്കുവാനുള്ള ആഹ്വാനവും കൂടിയുണ്ട്. അതിനാലാണ് കർത്താവിന്റെ നാമത്തിൽ പലതും പ്രവർത്തിച്ചിട്ടുവന്ന് തങ്ങളുടെ പ്രവർത്തികളെ കർത്താവിനെ മുമ്പിൽ നിരത്തുമ്പോൾ അനീതി പ്രവർത്തിക്കുന്നവരെ ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് ദൈവം അവരോട് പറയുന്നത്.

പ്രാർത്ഥനയിലെന്നതുപോലെ വചനം കേൾക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നവരാകാതെ വചനം പ്രാവർത്തികമാക്കുന്നവരാകുവാനുള്ള ശ്രമം നമ്മിൽ എന്നും ഉണ്ടാവണം. അങ്ങനെ "മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16). ഇങ്ങനെ ദൈവവചനം ജീവിക്കുന്നവർ പാറ

മേൽ ഭവനം പണിത ബലിഷ്ഠനായ വ്യക്തിക്കു തുല്യനാണ്. ഇവർ വിവേകമുള്ളവരാണ്. എന്നാൽ മറിച്ച് പ്രവർത്തിക്കുന്നവരെ ഭോഷന്മാർ എന്നാണ് വചനം വിളിക്കുന്നത്. സുഭാഷിതങ്ങളുടെ പുസ്തകത്തിൽ ഇത്തരത്തിൽ വിവേകികളെയും ഭോഷരെയുംപറ്റി പറയുന്ന ദൈവവചനങ്ങൾ ഉണ്ട്. "ഭോഷൻ തന്റെ പിതാവിന്റെ ഉപദേശം പുച്ഛിച്ചു തള്ളുന്ന വിവേകി ശാസനം ആദരിക്കുന്നു.

ദൈവം നല്കുന്ന വിവേകത്തിലേക്ക് നമ്മെ ക്ഷണിക്കുകയാണ് സുവിശേഷകൻ. ഇപ്രകാരം വചനം ജീവിക്കുമ്പോൾ നമ്മൾ നേരിടേണ്ടിവരുന്ന മഴയും കാറ്റുമാണ് പ്രലോഭനങ്ങൾ. നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്ത് നമ്മുടെ വചനാത്മക ജീവിതത്തെ വഴിതെറ്റിക്കുന്ന വ്യാജ പ്രവാചകരെ തിരിച്ചറിയാനും നമുക്കാവട്ടെ.

"കത്തോലിക്കാ ആധ്യാത്മികതയിൽ ഇടവക ദേവാലയത്തിന്റെ അൾത്താര കേന്ദ്രമാക്കിയാണ് ആധ്യാത്മികത വളർന്നുവരേണ്ടത്. എന്നാൽ, ഇന്ന് ഇടവക ദേവാലയങ്ങൾ നൈയാമികവും കൗദാശികവുമായ ശുശ്രൂഷകളുടെ വേദികളായി മാറുകയും ആദ്ധ്യാത്മികത അന്വേഷിച്ച് വിശ്വാസികൾ വിശ്വാസികൾ ധ്യാനകേന്ദ്രങ്ങളെയും "സിദ്ധിവിശേഷമുള്ളവരെയും" അന്വേഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുകയും ചെയ്യുന്നു. ഇതിൽ കുറച്ചുപേരെങ്കിലും ക്രൈസ്തവ വിശ്വാസത്തെ തള്ളിപ്പറഞ്ഞ് വ്യാജപ്രവാചകരെ ആശ്രയിക്കുന്നവരുമുണ്ട്. കർത്തവ്യബാഹുല്യങ്ങൾ ഉണ്ടെങ്കിലും ഇടവക വികാരിമാർ യഥാർത്ഥ ആത്മീയ പിതാക്കളുടെ ദൗത്യം നിർവ്വഹിക്കുക എന്നുള്ളത് ഇതിനുള്ള യഥാർത്ഥ പോംവഴിയാവട്ടെ. ധ്യാനകേന്ദ്രങ്ങളിൽ ധ്യാനത്തിനെത്തുന്നവരെ ഇടവക ദേവാലയത്തിന്റെ അൾത്താരയിലേക്ക് നയിക്കാൻ ധ്യാനഗുരുക്കന്മാർക്കു കഴിയട്ടെ".

(ഹർമാഗെദോസിലെ വ്യാജപ്രവാചകൻ)

ഇപ്രകാരം വചനം ജീവിച്ച് വിശ്വാസത്തിൽ ആഴപ്പെട്ട് സഭയിൽ ദൈവത്തെ മഹത്വപ്പെടുത്തി ലോകത്തിനു സാക്ഷ്യമേകാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

**ബ്രദ: മാത്തുക്കുട്ടി കുളക്കാട്ടുകുടിയിൽ**

# വാർത്തകൾ

## വലിയ കുടുംബങ്ങൾ സമൂഹത്തിന് പ്രതീക്ഷ നൽകുന്നു

വത്തിക്കാൻ സിറ്റി: വലിയ കുടുംബങ്ങളുടെ സാന്നിദ്ധ്യം സമൂഹത്തിന് വലിയ പ്രതീക്ഷയാണ് നൽകുന്നതെന്ന് ഫ്രാൻസിസ് മാർപ്പാപ്പ. ഇറ്റലിയിലെ വലിയ കുടുംബങ്ങളുടെ ദേശീയ കൂട്ടായ്മ വത്തിക്കാനിൽ സംഘടിപ്പിച്ച കുടുംബസംഗമത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മാർപ്പാപ്പ. പങ്കുവയ്ക്കലിന്റെയും ഐക്യബോധത്തിന്റെയും മാതൃക നല്കുന്ന വലിയ കുടുംബങ്ങൾ സമൂഹത്തിന് അനുഗ്രഹമാണ്. കുടുംബങ്ങളിൽ വല്യപ്പന്റെയും വല്യമ്മച്ചിയുടെയും സാന്നിദ്ധ്യം വളരെ പ്രധാനപ്പെട്ടതാണെന്ന് മാർപ്പാപ്പ ഓർമ്മിപ്പിച്ചു. പ്രായോഗിക സഹായങ്ങളും അറിവുകളും പകർന്നു നല്കുന്ന മുത്തച്ഛന്മാരും മുത്തശ്ശിമാരും സമൂഹത്തിന്റെയും കുടുംബത്തിന്റെയും മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നവരാണ്. വിശ്വാസം പുതിയ തലമുറകളിലേയ്ക്ക് പകർന്നു നല്കുന്ന വിലപ്പെട്ട കണ്ണികളാണവരെന്ന് തിരുകുടുംബ തിരുനാൾ ദിനത്തിൽ പോൾ ആറാമൻ ഹാളിൽ തിങ്ങിക്കൂടിയ ഏഴായിരത്തോളം പേരെ അഭിസംബോധന ചെയ്യവെ ഫ്രാൻസിസ് മാർപ്പാപ്പ ഓർമ്മിപ്പിച്ചു.

## മിഡിൽ ഈസ്റ്റിലെ മതപീഡനം അവസാനിപ്പിക്കാൻ നടപടി എടുക്കണമെന്ന് ജി 20 രാഷ്ട്രങ്ങളോട് മാർപാപ്പ

വത്തിക്കാൻ സിറ്റി: മിഡിൽ ഈസ്റ്റിലെ ന്യൂനപക്ഷ പീഡനം അടിയന്തരമായി അവസാനിപ്പിക്കാൻ നടപടിയെടുക്കുമെന്ന് ജി 20 രാഷ്ട്രങ്ങളോട് ഫ്രാൻസിസ് മാർപാപ്പ. ഗൗരവകരമായ ഈ പ്രശ്നത്തിന് സൈനിക നടപടി മാത്രമല്ല പരിഹാരമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. രാഷ്ട്രീയമായ സ്വാധീനമോ നിയമവിരുദ്ധമായ എണ്ണ വ്യാപാരമോ ആയുധങ്ങളോ സാങ്കേതിക വിദ്യയോ വഴി തീവ്രവാദികളെ സഹായിക്കുന്നവരിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് ജി 20 രാഷ്ട്രങ്ങൾക്കയച്ച കത്തിൽ മാർപാപ്പ വ്യക്തമാക്കി. അക്രമം ന്യായീകരിക്കുവാനുള്ള മാർഗമായി മതത്തെ ദുരുപയോഗിക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കണമെന്നും മാർപാപ്പ കത്തിൽ നിർദ്ദേശിച്ചു. മിഡിൽ

ഈസ്റ്റിൽ എന്നതുപോലെ ഇത്ര ഗൗരവമല്ലെങ്കിലും എല്ലാ രാജ്യത്തും നടക്കുന്ന വിവിധ അക്രമങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനെക്കുറിച്ച് അന്താരാഷ്ട്ര സമൂഹം, പ്രത്യേകിച്ച് ജി 20 രാജ്യങ്ങൾ ചിന്തിക്കണമെന്ന് മാർപാപ്പ ആഹ്വാനം ചെയ്തു.

## നിർബന്ധിത മതപരിവർത്തന വിഷയത്തിൽ പ്രാധാനമന്ത്രിയുടെ മൗനം ആശങ്കാജനകം: സീറോ മലബാർ സിനഡ്

കൊച്ചി: നിർബന്ധിത മതപരിവർത്തന വിഷയത്തിൽ പ്രധാനമന്ത്രിയുടെ മൗനം ആശങ്കാജനകമാണെന്ന് സീറോ മലബാർ സിനഡ്. അധികാരത്തിലിരിക്കുന്നവർ സമൂഹത്തിന്റെ ഔദ്യോഗിക സംവിധാനങ്ങൾ ദുരുപയോഗിച്ചുകൊണ്ട് മതപുനഃപരിവർത്തനം നടത്തുന്നത് അപഹാസ്യമാണെന്നും സിനഡ് വിലയിരുത്തി. ഏതു മതത്തിലും വിശ്വസിക്കാനും പ്രഘോഷിക്കാനും വ്യക്തിക്കു സ്വാതന്ത്ര്യം നൽകുന്ന നാടാണ് ഭാരതം. രാഷ്ട്രീയ നേതൃത്വത്തിലിരിക്കുന്നവർ നിരുത്തരവാദപരമായ കാര്യങ്ങൾ പൊതുവേദിയിൽ പറയുന്നത് വേദനാജനകമാണ്. നിർബന്ധിത മതപരിവർത്തനത്തിൽ സീറോ മലബാർ സഭ വിശ്വസിക്കുന്നില്ല. അതിനു കൂട്ടുനിൽക്കില്ല. സഭയുടെ വിദ്യാഭ്യാസ, ആതുരസേവന പ്രവർത്തനങ്ങളും സമൂഹത്തിൽ നിന്നു പരിത്യക്തരായവർക്കുവേണ്ടി ഏറ്റെടുക്കുന്ന സാമൂഹ്യസേവന മുന്നേറ്റങ്ങളുമാണ് പലപ്പോഴും ഈ വിശ്വാസത്തിലേക്ക് മറ്റുള്ളവരെ ആകർഷിക്കുന്നത്.

ഇന്ത്യൻ ഭരണഘടന രൂപകല്പന ചെയ്തവർ മതേതരത്വം കൊണ്ട് ലക്ഷ്യം വച്ചത് ഓരോ മതത്തിലുമുള്ള നന്മകൾ കൂട്ടിച്ചേർത്ത് ഒരു നവഭാരത നിർമ്മിതിയാണെന്ന് സഭ മനസിലാക്കുന്നു. അതിനാൽ തന്നെ എല്ലാ മതങ്ങളോടും സമൂഹങ്ങളോടും ഒന്നുചേർന്ന് രാഷ്ട്രനിർമ്മാണത്തിൽ പങ്കാളിയാവണമെന്ന് സഭ ആഗ്രഹിക്കുന്നു: സിനഡ് വ്യക്തമാക്കി.